Kṛṣippāṭṭa

1871

# കൃഷിപ്പാട്ട

ഇത.

മഹാ-രാ-രാ

ച.-അരുണാചല മുതലിയാരവർകളുടെ മകൻ

കാളഹസ്തിയപ്പമുതലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂട്ടത്തിൽ അച്ചടിച്ചത

൨ാംപതിപ്പ.

കൊഴിക്കൊട-൧൮൭൧ നവെമ്പർ ൨൦ ൹

പ്രിൻടർ-യശായാ.

വില ഉറുപ്പിക-കാൽ

# കൃഷിപ്പാട്ട

ഇത.

മഹാ-രാ-രാ

ച-അരുണാചല മുതലിയാരവർകളുടെ മകൻ

കാളഹസ്തിയപ്പമുതലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂട്ടത്തിൽ അച്ചടിച്ചത

൨ാംപതിപ്പ.



കൊഴിക്കൊട-൧൮൭൧ നവമ്പർ ൧൦൹-

പ്രിൻടർ-യശായാ.

വില ഉറുപ്പിക-കാൽ

# കൃഷിപ്പാട്ട

ഹരിഃശ്രീഗണപതയെനമഃ അവിഘ്നമസ്തു

രാമരാമജയജയഭാൎഗ്ഗവ രാമരാമജമദഗ്നിനന്ദന രാമരാമപരശുധരവീര രാമരാമഭൃഗുകുലപുംഗവ രെണുകാത്മജ ദെവദയാനിധെസ്ഥാണുശിഷ്യപ്രവരജയജയ കാൎത്തവീൎയ്യമൃതിപ്രദ ഭദ്രപ്രദകീൎത്തിമൂൎത്തെഭഗവൻജയജയഭൂദാനെനൈവ തുഷ്ടരായിടിനഭൂദെവന്മാരിതിസ്തുതിചെയ്തിട്ടു ഗൊകൎണ്ണാഖ്യമഹാക്ഷെത്രത്തിങ്കന്ന ശൊകംതീൎത്തഭിവന്ദിച്ചുവിപ്രരും രാമനെത്തന്നെപിന്നെയുംപിന്നെയും ഭൂമിയിൽതന്നെവീണുവണങ്ങിനാർ. പരമാനന്ദമായസമാധിയി ലിരുന്നീടുന്നരാമന്തിരുവടി തെജൊരൂപമാംനാദബിന്ദുക്കളിൽ യൊജിപ്പിച്ചൊരു മാനസംമെല്ലവെ പെൎത്തുകിഴ്പ്പെട്ടിറക്കീട്ടുനൊക്കുമ്പൊൾ ആൎത്തിപൂണ്ടൊരുവിപ്രരെക്കാണായി കെണുനൊക്കുന്നഭൂദെവന്മാരൊടുരെണുകാത്മജന്താനുമരുൾചെയ്തു; ജപഹൊമാദികൎമ്മങ്ങളൊക്കവെ കൃപയൊടെകഴിക്കുന്നതില്ലെയൊസമ്പ്രതിസുഖമല്ലയൊനിങ്ങൾക്കും മാംപ്രതിവന്നതെത്രയുമത്ഭുതം നിങ്ങളെക്കുറിച്ചുള്ളൊരുവാത്സല്യ മിങ്ങുചെറ്റുമിളക്കംവരാദൃഢംപരശുരാമന്തന്റെനിയൊഗംകെ ട്ടുരചെയ്തിതുഭൂസുരെന്ദ്രന്മാരും വീരരായുള്ളക്ഷത്രിയരെക്കൊന്ന വീരഹത്യാപരിഹാരമായിട്ടുവാരിധിനീക്കിഭൂമിയുണ്ടാക്കീട്ടു ആരണൎക്കുകൊടുത്തതുമത്ഭുതം സ്വൎഗ്ഗത്തെക്കാളുമെറ്റംസുഖകര മാൎഗ്ഗമായുള്ളകെരളഭൂതലം നിന്തിരുവടിഞങ്ങൾക്കുതന്നതുമെന്തൊരുസുഖംവെണ്ടുതിതിൽപരം പൊട്ടന്മാരായഞങ്ങളുമിന്നൊരു പൊട്ടതാമെന്നൊൎത്തിക്കുന്നിതങ്ങൊട്ടു നിന്തിരുവടിതന്നെമഹീഭൃത്തി നന്ത

രാളമായുള്ളമഹിതലെ സ്വയമായിട്ടകല്പിച്ചിതിങ്ങിനെ ന്യാ
യമന്ന്യായമെന്നിവകെവലം ധാന്യങ്ങളുടെനാമഭെദങ്ങളുംധ
ന്യന്മാൎക്കുള്ളമൂലഫലങ്ങളുംകാലവുംവിതപ്പാനുംനട്ടുവാനുംപാ
ലവെകൃഷിചെയ്യുംപ്രകാരവും നിന്തിരുവടികല്പിച്ചരുളെണ
മെന്നൊരുഗതിയല്ലാതെഞങ്ങൾക്ക എന്നുണൎത്തിച്ചതുകെട്ടഭാ
ൎഗ്ഗവൻ പിന്നെയുമരുൾചെയ്തുസുഖത്തൊടെനിങ്ങൾക്കിന്നി
തുതൊന്നിയതെത്രയും നന്നുനന്നിതുകെട്ടുധരിച്ചാലും നമ
സ്തൃഗ്രഹചരണാംബുജം ക്രമത്തൊടിവചൊല്ലുന്നതുണ്ടുഞാ
ൻ എങ്കിലൊനിങ്ങൾകെട്ടാലുമെതെഷാം ശങ്കകൂടാതെചെൎ
മുതലായിട്ട പണ്ടുപണ്ടുള്ളവിത്തുകളെല്ലാമെ കണ്ടാലുമറിയാ
തെമറഞ്ഞുപൊയി നിഷ്ഠുരങ്ങളാമിന്നുള്ളവിത്തുകൾ കുഷ്ഠരൊ
ഗാദിവൎദ്ധിപ്പിക്കുംദ്ധ്രുവം കെരളംപരദെശമെന്നിങ്ങിനെ പാ
രംഭെദമെല്ലാററിനുംനിൎണ്ണയം ആസുരങ്ങളാംവിത്തുകളെറയും
ഭൂസുരരെപരദെശത്തുള്ളവ ഫലമൂലങ്ങളുംബഹുഭെദങ്ങ ളിത്ര
യുംകൂടമീശ്ലമായിട്ടുള്ളഭൂമിഭെദങ്ങളെ കൊണ്ടുവിത്തുകൾക്കൊ
മനപ്പുരതായിബഹുവിധം മലയാളത്തിൽതന്നെവിളയുന്ന
മലവിത്തുകളുണ്ടുപലവിധം തുളുനാട്ടിലുഴന്നിലങ്ങളിൽവി
ളയുന്നൊരുവിത്തുകൾകെട്ടാലും കാമദാരയെന്നുള്ളൊരുവിത്തി
നെ കാറിച്ചങ്ങുവിതച്ചാലുമെവരും മുകിൻവെള്ളതൊന്നൊ
രുവിത്തു മകരാരിലുറച്ചുവിതച്ചാലും ജീരകംപാലവിത്തുമ
ഖിടെക്ക നെരായിട്ടുപിടിക്കമറിഞ്ഞാലും പുംഗലനാംചെറു
വിത്തുവെകാതെ തുംഗമാംകനമെറുന്നവിത്തതും വെട്ടുവെളി
യെരിയെന്നവിത്തിങ്ങ നഷ്ടമില്ലവിളവിനുനിൎണ്ണയം തുംഗ
മെറുംചുറുളക്കരിയവി ത്തുംഗങ്ങൾക്കസമമിവരണ്ടുമെ വാ
ഴക്കണ്ണനാമെന്നൊരുവിത്തിന്റെ വായിപ്പെറുന്നതിക്കരെ
ദെശത്ത വെള്ളചെന്നെല്ലെന്നുള്ളൊരുവിത്തിന്റതുള്ളലെ
റിവിരിപ്പുവിളയുന്നു സമ്പതാളനാമെന്നുള്ളവിത്തതി സമ്പ
ന്നന്മാരുഴുതുവിതച്ചാലും. തുളുനാട്ടിലീവിത്തുകളൊക്കയും മുള
പ്പിച്ചിട്ടൊംവിതച്ചീടുവാൻ കൊലനാടതിലാകുന്നീവിത്തുകളാ
ലംബെനധരിച്ചാലുമെവരും ചെന്നെല്ലെന്നൊരുവിത്തുവി
രിപ്പിനു നന്നുപാരംവിളവിനുംനിൎണ്ണയം കരിഞ്ചെന്നെല്ലും
കത്തിവിതെന്നതു മുരണ്ടാകുന്നുരണ്ടിവകെവലം കൊഴിവാ
ലനാംവിത്തുവിതച്ചാലു മാഴിയാംപാടമുള്ളതിലെവരും വെ

ളുക്കൊഴിവാലൻവിതച്ചാലൊരു കള്ളക്കാടതിനില്ലവിശെ
ഷിച്ച പൊന്നാരിയനുംപിന്നെക്കഴമയും മന്നവക്കുചിതമി
ത്തുഭക്ഷണം മുണ്ടകനുമരിക്കിരാലിയതു മുണ്ടെല്ലാടവുംപറവു
ന്നവിത്തെല്ലൊ - പയ്യനാടനെന്നുള്ളൊരുവിത്തിനെ ക്കയ്യു
ന്നൊരിത്തുന്നൊസ്തിച്ചാലും ഒത്തടിയനാമെന്നൊരുവിത്തു
പാത്തുകണ്ടാലുമുണ്ടതിനത്ഭുതംപാലിയെന്നുള്ളവിത്തുവിതക്കെ
ണ്ടും കാലമെവിളവെററമുണ്ടാത്താലും പൂത്താടെന്നൊരു
വിത്തുപറമ്പിലെ ക്കൊത്തവണ്ണംവിതക്ക കൃഷിവലർമൊട
നുംചെറുമൊടനിറകനും കാട്ടുകാഴ്ചക്കനല്ലതിവമൂന്നും പറമ്പ
ൻകഴമയെന്നൊരുവിത്തപറമ്പിൽപിടിച്ചിട്ടമതെററവുംചൊ
ല്ലെഴുന്നമലയുട്ടമ്പൻചാര ക്കല്ലുള്ളടത്തുംപററുമ്മലയിലുംകൊ
ലനാട്ടിലീവിത്തുകളെററവുംപാലിച്ചിട്ടമതിനില്ലസംശയംകൊ
ടനെല്ലവിതക്കചുരത്തിന്മെൽ ആടലൊട്ടമതിനില്ലൊരിക്കലും,
ഇടനാട്ടിലവിതക്കുന്നവിത്തുക ളുടവെപറയുന്നതെളിഞ്ഞുന്നാം
കരിപ്പാലിയുമാരിയനുംപിന്നെ വിരിപ്പെല്ലൊകഴമയുംകാളി
യും പട്ടനുംമുണ്ടപള്ളിനവരയും പാട്ടനൊക്കിവിതക്കെണ്ണ
മെവരും കൊഴിവാളയാംവിത്തുവിതച്ചാല മാഴിയൊരുവയ
ലിൽവഴിപൊലെ പുഞ്ചവിത്തുജലമററത്തുഴിയിൽ അഞ്ചാ
തെമ്മൂന്നുവട്ടംവിതച്ചീടാം കുട്ടനാടൻവിതച്ചാലൊരെടത്തു മെ
ട്ടമാസത്തിനുള്ളിൽകതിർവരാ കൊടനെരിപറിച്ചുനട്ടീടുകിൽ
ആടൽകൂടാതെകൊയ്യാമറിഞ്ഞാലും ചെപ്പിലക്കാടൻകൂവള
ക്കാടനും മൂപ്പുകൊണ്ടെല്ലാഭെദംപറയുന്നു മുണ്ടകമ്പാലവെ
മ്പാലയെന്നവ മുണ്ടകത്തിൽപ്രധാനങ്ങളായവ കമ്പളുവ
നുംചെന്താർമണിയനും മുമ്പെയുള്ളൊരുവിത്തിവമുണ്ടകെ
വെള്ളത്തായനാംവിത്തങ്ങതിലെലം പൊള്ളയററകരിങ്കാളി
വിത്തതും നടപ്പുള്ളൊരരിക്കുറുമവിത്ത പൊട്ടക്കനുംപറിച്ചു
നടെണമെ ആരിയൻകാളിയുംതനിക്കാളിയും ചൊരണാലിവ
ലീലസ്വർണ്ണാലിയും നെരഞ്ഞവിതക്കെണമരിവരി പാരിച്ചി
ട്ടുന്നവള്ളുവനാടതിൽ കറുപ്പുള്ളൊരെരുമക്കാലിവിത്തു വെ
റുപ്പില്ലതിനൊട്ടുംവിളവിങ്കൽ ചിറെറനിയെന്നവിത്തിന്നൊ
രിക്കലുംപററുകില്ലമഹാവ്യാധിയും നിണാംഎന്തുചൊല്ലെണ്ടുകാ
ടക്കഴഞ്ഞന്റെചന്തമെറ്റും വിളവിന്റെവിസ്മയംആസുരിയാ
കുംവെള്ളക്കറിഞ്ഞിയുംധൂസരാഭംകരിങ്കുറിഞ്ഞിയതുംഅന്നചെ

മ്പാവും കല്ലുണ്ടച്ചെമ്പാവും മന്നക്കുള്ളൊരു ചെമ്പാവും പി
ന്നെമങ്കമക്കാപ്പുറമെലിച്ചെമ്പാവും നങ്കമുണ്ടെയൊരിക്കിലചെ
മ്പാവും കൊദംബചെമ്പാവെന്നുള്ളവിത്തുകൾ ആദരിക്കെണം
വെള്ളപ്പംനാടതിൽ വെട്ടിക്കട്ടാടനെന്നൊരുവിത്തും വെ
ട്ടിയാലതുവൃദ്ധിതലപ്പള്ളി പാണ്ടിയൻ ചെറുപാണ്ടിയുമെ
ന്നിവ രണ്ടുവിത്തുതലപ്പള്ളിയുണ്ടാകും വെങ്കുറിഞ്ഞികരിങ്കുറി
ഞ്ഞിയെന്നും പങ്കംകൂടാതെയുംവിതച്ചീടുക കുട്ടിയുംവലിയകുട്ടി
യെന്നിവനാട്ടുണ്ടാകുന്നവിത്തിവരണ്ടുമെത്രനക്കൊമ്പനെ
ന്നുള്ളൊരുവിത്തിന സ്ഥാനമെല്ലാപറവൂരനാടതിൽ വിരു
പ്പെല്ലൊത്തുള്ളനാടൻ വിത്തതങ്ങരത്തീടുംകരപ്പുറത്തെറവുംചെ
റ്റാരിയൻമണ്ണലാരിയൻചൊപറ്റുമെററംകുറ്റകുറുവയുംകുറ
വലിത്തെടനാടതിൽതന്നെ വെറുപ്പില്ലാതകണ്ടുവിളയുന്നപ
റമ്പൻചെറിയപറമ്പൻപിന്നെപറമ്പിൽതന്നെപറ്റുമിതെ
റവും അയനിയെന്നവിത്തുമുണ്ടകം വയലിൽപിടിച്ചീടുമ
തെപ്പൊഴും ആരിയൻചെറിയൊരാരിയൻനുണാം മതിയാ
യിട്ടതീരുമിവരണ്ടുംഇവയെല്ലാംകരപ്പുറമെന്നുള്ളൊരവനൊ
വിതച്ചാലുമറച്ചിട്ടാ കുട്ടനാട്ടുവിതക്കുന്നവിത്തുക ളൊട്ടൊട്ടി
ന്നുപറയുന്നുകെട്ടാലും പൊക്കാളിചെറുപൊക്കാളിയെന്നിവ
തക്കമൊടെവിതപ്പാനിവിത്തുകൾ ക്രൂരവിത്തുവിതക്കുന്നവ
ക്കിഹ പാരമുണ്ടാകയില്ലദരിദ്ര്യങ്ങൾ കരിക്കൻവിത്തുതൊറുന
ടുകിലൊകരിക്കെന്നുവരുന്നുസമൃദ്ധിയുംകുററാരിയൻചുവന്നാ
രിയൻവിത്ത പറ്റുമെററംകുറുവയുംവെന്നല്ലും ഭാഷിതങ്ങളാ
മെതഹ്നിവിത്തുകൾ ംരംഷൽകൂടാതെകുട്ടനാട്ടുഴിയിൽ വെണ്ണ
നാടതിലെററംവിളഭൂമിവാണുകൊണ്ടാലുംപാണ്ടിയാംവിത്തി
നാൽ പുഷ്ടിയുള്ളൊരുകാടക്കഴുത്തനാ മിഷ്ടവിത്തുവെണ്ണെ
നാട്ടുഴിയിൽ കൊളവാഴയാംവിത്തങ്ങെടുത്തിട്ട തളിക്കേണ്ടു
പൊടിയിലതെററവും വെള്ളക്കട്ടാടനെന്നവിരയത്തു വെള്ളു
മെറുന്നതിലെല്ലാപറ്റുന്നസീതഭൊഗമാംവിത്തുവിതക്കേണ്ടും
ശീതമായുള്ളഭൂമിയിലാദരാൽ പുഴുതുവെരട്ടിയെന്നവിത്തതു
മഴതെററംപൊടിയിൽവിതക്കേണംമുപ്പിളപ്പുമിടക്കുറുവവിത്ത
മെപ്പടിവിതക്കേണമറിഞ്ഞാലും ചെണുറുപിടിച്ചിടുന്നവി
ത്തിവ വെണ്ണനാട്ടിലുംപാണ്ടിയദെശത്തും പരദെശങ്ങ
ളിലുള്ളവിത്തുക ളുരചെയ്യുന്നുവെണ്ണനാടന്ത്യമായി കാരെ

ന്നരെള്ളൊരുവിത്തുവിതച്ചിട്ട ഭാരങ്ങൾ കളയുന്നുതന്നവർ
ന്നെരെകെൾപ്പിൻ പുശാനമാംവിത്തതും പാതിലൊക്കത്തെളി
ഞ്ഞുവിളങ്ങുന്ന ചെമ്പാവെന്നും മുഴക്കചെമ്പാവെന്നും ഇ
മ്പമുള്ളൊരുപിരകച്ചെമ്പാവും മൂന്നുവിത്തിവരാജമാമതിപ്രി
യ മെന്നകിന്നിപെരുകുന്നപാടത്തിൽ മൂന്നുവട്ടംവിളയുമവന
ന്നാ യൂന്നികൊണ്ടുവിതച്ചാലുംനട്ടാലും കല്ലരായനമെന്നു
ണ്ടൊരുവിത്ത നല്ലമാനന്ദം തീമിലിവിത്തതു മൂപ്പിളപ്പമായു
ള്ളൊരുപുഞ്ചാരും തപ്പാതെവിളയുന്നിതിരിപ്പകിൽ മൂപ്പെറിട്ടും
പെരുപാശനുംപൃന രൊപ്പമാന്നുവിളയുമൊരുപ്പകിൽ കുങ്കുമ
ചെമ്പാവെന്നുമൊരുവിത്ത തങ്കംപൊലെയിരിക്കുമിതത്ഭുതം
വെള്ളക്കാരുമെളക്കാരുമെന്നിവ തള്ളലായിവിളയുന്നവിത്തി
പുഴുക്കചെമ്പാവെന്നൊരുവിത്തിനെന്തഴകുന്നിതുഭ്രവതിവി
നരുംചെമ്പാളായെന്നവിത്തുമതുപൊലെചൃമ്പാളയെന്നുംരണ്ടു
പെരായിതമട്ടക്കാരുവിതച്ചാലൊരിക്കലുംമുട്ടുണ്ടാകയുമില്ലാധ
നത്തിനാരംക്കലചെമ്പാവെന്നൊരു വിത്തിതുമൊക്കിലൊദൈവ
ന്മാക്കെല്ലൊവെണ്ടുന്ന ഉത്തരദിശികാശ്മീരദെശത്ത മുത്തവിത്തു
മെത്രയുംവിസ്മയംരിക്കൽവിതച്ചാലിതുവത്സരെകത്തൊടെ
വിളയുന്നുവൃട്ടംവ്യാഴവട്ടംവിളയുമിതുതന്നെ ചൃഴവുംമപ്പത്താ
റുപരിവൃത്തിപിന്നെയുമൊരിക്കൽവിതച്ചാലിതുതന്നെപൊരു
മൊരുപന്തിരാണ്ടെക്കതന്നിന്മെൽതന്നെപൊട്ടിവിളയുന്നതെ
ന്നെകഷ്ടമിതെത്രയുമത്ഭുതം ഇങ്ങനെപറഞ്ഞീടുന്നബീജങ്ങൾ
മങ്ങാതെവിതച്ചിട്ടവിനെവരും മലയാളമാംനിങ്ങടെദെശത്ത
ചാലയെവിളയുന്നവധാന്യങ്ങൾ പരദെശമായുള്ളൊരുരാജ്യ
ത്തപരന്നുനവധാന്യംവിളയുന്നു കെട്ടുകൊള്ളുവിനെല്ലുമുതലാ
യകാട്ടുവിത്തുകളെത്രയുംവിസ്മയം കാരള്ളെന്നൊരുവകവി
ന്നെയുംതിരച്ചൊല്ലുവനെങ്കിലൊവട്ടെള്ളുംനാട്ടിലുള്ളപനിക്കു
ടപ്പൻപിന്നെ കെട്ടാലുകുട്ടനാടനാമെള്ളതും ഗൊരാംഡീയെ
ന്നൊരെള്ളുവിതച്ചാലും നാശമററുള്ളനാട്ടിലെററവും വയലെ
ള്ളന്നൊരുവകയുണ്ടതു വയലിൽതന്നെപററുമതെററവുംചി
ത്രമായുള്ളവെളെള്ളുമെത്രയും നെത്രങ്ങൾക്കുവളക്കമതാനന്ദം
വലിയെള്ളുംചെറിയെള്ളുമെന്നിവ തലക്കെററംശുഭംനൂണൊം
നിണ്ണയം തിനയുമുഴന്നുംപയറുംപിന്നെ കനിവൊടെകരിമ്പ
യറെന്നതുംചെമ്പയറുംചെറുപയറെന്നതു മപ്പുറംകാളിയെന്ന

പയറത്തും തന്നെന്നും പതിനെട്ടുമണിയനും മുണ്ടകപയറും പെരി
ഞ്ഞണ്ടനും പെരുകെട്ടാലും തട്ടപയറെന്ന താരൊമൽകുങ്കുമപയ
റെന്നതും പരദെശങ്ങളിലിവരണ്ടുമെ മരുവീട്ടുന്നു ചെഞ്ചെപയ
റതും തുകരചെറുതായതുകരയും ചുകന്നീട്ടുന്ന കൊദംബം കൊറയും
വെങ്കടുകു കരിങ്കടുകെന്നിവ ശംകകൂടാതെ കെട്ടാലുമിന്നിയും കാ
ടകണ്ണിയും കമ്പവും ചൊളവും ഒത്തടൽകൂടാതെ ചൊല്ലുന്നു വിസ്താ
രം ദൃത്തൂചൊളമരിച്ചൊളമായതി നന്തലൊട്ടുമെയില്ലതിനത്ഭുതം
വെള്ളച്ചൊളമുമിയുണ്ടതിനെറത്തുള്ളതുള്ള കരിഞ്ചൊളം ചെഞ്ചൊ
ളം വെള്ളക്കമ്പുണ്ടൊരുവകപിന്നെയും ഇല്ലമുപ്പകുറുവക്കമ്പി
ന്നിഹധരിക്കെന്നും കുതിരവാലൻപിന്നെ പരക്കവളയുന്നവ
രകമെചീരകം കരിഞ്ചീരകം പിന്നെയും പാരിലെറയുള്ളൊരു വെ
ഞ്ചീരകം വെള്ളവെങ്കായമിരവെങ്കായവും തള്ളുലുള്ളവർകൊ
ള്ളുമല്ലുവായും ചാമയും ചെറുചാമയുമെന്നിവകാമിച്ചീടുമയമൊദ
കാതൊഅവരക്കാ പുളിയവരക്കായും ചുവന്നുള്ളൊരവരക്കവി
ത്തുയും ഒത്തുകൊമ്പനവരക്കപിന്നെയും വാട്ടമില്ലാത വെള്ളവര
ക്കയും വൃഷ്ടിയെറുന്ന മുസ്സനവരക്ക വട്ടിയെറുന്ന മുണ്ടനവരക്ക
വെള്ളവരക്കമുള്ളനവരക്ക വള്ളിമെലുള്ള ചിററവരക്കയും പരി
ത്തിക്കൊട്ടുന്നു വിധത്തൊടു ചുരുക്കിപറയുന്നുണ്ടനാമിഹ
ചൊല്ലെറ്റിന്നൊരു കല്ലൻപരുത്തിയും തുള്ളിച്ചാടുന്നൊരുപ്പൻ
പരുത്തിയും കെടെറുന്ന മലമ്പരുത്തിക്കൊട്ടു കെടില്ലാതൊരു ചെ
ലയതാകുന്നു കടലക്കാ ചെറുകടലക്കായും കടുപ്പുള്ളൊരുഹൊമ
മെന്നുള്ളതും സസ്യങ്ങൾകൂടെ പെരുകളൊരൊന്നിഹ സസ്യമാക്കാ
തെ കെട്ടാലും മെപരും ചെനയും ചെറുചെനയുമെന്നിവമാനവന്മാ
ർക്കുപത്ഥ്യമായുള്ളവ കിഴങ്ങെററം ചെറുകിഴങ്ങെന്നിവ മുഴപ്പ
റുന്ന വള്ളിക്കിഴങ്ങതും വടിവുള്ള പിടിക്കിഴങ്ങത്രയും പടന്നു
ള്ളൊരു മുക്കിഴങ്ങത്ഭുതം ചെമ്പിന്റെ പരപ്പുറം കരിഞ്ചെമ്പ
തമ്പിമാരെററമുള്ള വെളിഞ്ചെമ്പും പുമ്മൈതൊലിയെറവുമുള്ളൊ
രുപറക്കിക്കിഴങ്ങെന്നൊരു ചെമ്പതും വലിയ ചെമ്പു മെറെമി
കവുള്ളമലരാമനും പെഴയാം ചെമ്പിഹ കുഴിച്ചെമ്പും നനച്ചെ
മ്പും പാൽചെമ്പും പൃഴിച്ചെമ്പെന്നുമുണ്ടങ്ങൊരുവക കൊഴി
ക്കാലനും ചുററുവകയെന്നും ചൃഴവുമുള്ളമാരണകന്റെനും കൂക്ക
യും ചെറുകൂക്കയും കാവിത്തും ചിന്നകല്ലനും പാൽനീണ്ടിയെന്ന
തും മലയിഞ്ചിയുമിഞ്ചിയും മഞ്ഞളും മലിവാവയിലാടൻചെറു

കോടിഫലങ്ങൾക്കൊക്കദൈവതമായുള്ളഫലരാജൻകദളിയാം വ്വാഴക്ക പൂവ്വനുംകദളിപ്പൂവ്വനെന്നതും മവ്വകദെവ ബ്രാഹ്മണക്കാകുന്നകുന്നനുപിന്നെവണ്ണനിതുമൂട്ടിക്കുന്നനുംമികവെറുന്ന കാളിയുംകെട്ടാലുമെടനാടനാംചിങ്ങനും നാട്ടിൽ വിസ്മയംനീന്ദ്രവാഴക്കയുംപൊക്കകൂടാതൊരാറുനീന്ദ്രക്കായ താക്കമെറ്റും നനീന്ദ്രക്കായയുംകണ്ണൻവാഴക്കയുണ്ടങ്ങൊതുവിധംപൊണ്ണനെന്നമൊരുവകയുണ്ടഹൊ പരദെശമതുവുന്നവാഴക്ക പരന്നിട്ടിരിക്കുന്നൊരുനാടനും നിറൻവാഴക്കയുണ്ടങ്ങൊരുവക കറയുള്ളൊരുവാഴക്കപിന്നെയും പെയൻവാഴക്കയുണ്ടങ്ങൊരുവകമായമില്ലാത്തകുന്നൻവാഴക്കയും രസതാളിയെന്നുണ്ടൊരുവാഴക്ക രസമെറ്റമതെത്രയുമത്ഭുതം മലവാഴക്കയെല്ലാടവുമൊരുപൊലെതന്നെശിലയുണ്ടതിനുള്ളിൽകുമ്പളങ്ങൾബഹുവിധമെത്രയുംഇമ്പമാംമത്തൻകുമ്പളങ്ങക്കൂട്ടംഒരുനാളുംനരയാതിരിക്കുന്നചുരക്കകുമ്പളങ്ങായൊരുവിധംവെള്ളരിക്കയുംവെണ്ടക്കവത്തക്കവെള്ളമെറിയകക്കരിക്കായതും കുമ്മട്ടിക്കായൊരുവകപിന്നെയുംപെമ്മകെട്ടാലുംപൊകുമ്മട്ടിക്കായുംകറുമത്തിൻകായുണ്ടങ്ങതിൽതന്നെപറയുന്നവകഭെദമെന്നതുംമുണ്ടൻകല്ലക്കാകല്ലക്കപിന്നെയുംനീണ്ടിട്ടന്നൊരുകൊങ്ങൻകല്ലയുംപെപ്പുടൊലങ്ങമുണ്ടൻപടൊലങ്ങശുദ്ധിയെറുന്നവെള്ളപ്പടൊലങ്ങക്കൊവക്കചെറുകൊവക്കയുംപെരുംകൊവക്കവെള്ളക്കൊവക്കകെട്ടാലുംനാരങ്ങചെറുനാരങ്ങമാതളനാരങ്ങവടുകപ്പുളിനാരങ്ങവള്ളിനാരങ്ങയെത്രമനൊഹരമല്ലിനാരങ്ങയുമീളിനാരങ്ങ മുളകുംനന്തൊണ്ടിഎന്നമുളകതുമളവറ്റചെറുമുളകെന്നതുംവലുതായുള്ള കാട്ടുമുളകതും മലിവെറുന്ന ചീനമുളകുമെ വിസ്മയമിതുകപ്പൽമുളകിന ങ്ങസ്വാകംബൊന്ന മെന്നുപറയുന്നചെറുകപ്പൽമുളകും വലിയതുംമറു വില്ലാതകൊങ്ങമുളകതും നീളമുള്ളൊരുകപ്പൽമുളകതും മെളമാമുണ്ടൻകപ്പൽ മുളകുമെ തെങ്ങയുംചെറുതെങ്ങപരദെശ ത്തെങ്ങുമുണ്ടെല്ലൊ വെള്ളത്തെങ്ങാധ്ര്യവും ഗൌരിപാത്രമെന്നുള്ളൊരുതെങ്ങക്ക പാരം ദുല്ലഭമെപരദെശത്തും കന്നിക്കൂരനുംകുംഭക്കുടവനു മെന്നുരണ്ടങ്ങിവറ്റിലെഭെദങ്ങൾ. മുള്ളുള്ളൊരുവഴുതിനിങ്ങചെറു മുള്ളിക്കാവലിയാട്ടുമുലച്ചിയും വള്ളിമുള്ളൻവഴുതിനിങ്ങനീളമുള്ളവില്ലൻവഴുതിനിങ്ങമറ്റും മുണ്ടൻചക്കണക്കെ വലുതാ

യ തുണ്ടുപാണ്ടിവഴുതിനിങ്ങട്ടഢം കൊട്ടക്കാടൻവഴുതിനി
ങ്ങൾക്കൊരു വാട്ടമില്ലാതനാളുമറിഞ്ഞാലും കോഴിക്കോട
ൻവഴുതിനിങ്ങപുന്നശ്രുഴിതന്നിൽമനോഹരമെത്രയും മുണ്ടൻ
പന്നിവഴുതിനിങ്ങവരി നീണ്ടകൊങ്ങൻ വഴുതിനിങ്ങപ്രള
ത്തൂലങ്ങാടൻവഴുതിനിങ്ങയൊരു മെളമുണ്ടെന്നു നീളമറിഞ്ഞാ
ലും പരദെശത്തുവിസ്താരമെത്രയും കരപ്പുവ്വംവഴുതിനിങ്ങാട്ട
ശം ആനക്കൊമ്പതുപൊലെയിരിക്കുന്ന ചെനത്തണ്ടൻ വ
ഴുതിനിങ്ങട്ടശം കരിമ്പുംബെദരിക്കരിമ്പുംപിന്നെ പെരുന്തിട്ടു
ന്നനായ്ക്കരിമ്പെന്നതും രസദാളിയാമെന്നകരിമ്പതും രസമെ
റുമസുരക്കരിമ്പുമെ മാൻനിറമായനീലക്കരിമ്പതും പാൽനി
റമൊത്തവെള്ളക്കരിമ്പതും ധൂമപത്രങ്ങൾ തന്നുടെ മാഹാത്മ്യം
കാമമെറുന്നകപ്പൂരമാമെരി വടക്കൻമദനാന്തകൻചാപ്പാട
ൻ കട്ടപ്പെറുന്നപച്ചപ്പുകലയും പശ്ചിമനാംപുകലക്കൊ
രാനന്ദം ആശ്ചരിയമതില്ലകിഴക്കന തെക്കനായുള്ളവെററി
ലയെററവു മാററെലെറുന്നമുക്കണ്ണിവെററില കൊഴിക്കൊ
ടനാംവെററിലമുററുമെ ചൊഴമണ്ഡലവെററിലക്കുസമം അ
ല്പൊഴക്കൊടനെന്നൊരുവെററില ദമ്പതിമാരതിങ്കൽരമിക്കു
ന്ന കുഴിക്കൊട്ടിരി വെററിലംഎന്നതു പഴത്താലുംരസക്കെട
തിന്നില്ല കൊല്ലവെററിലയുണ്ടങ്ങൊരുവക പല്ലിന്മെൽകറ പ
റുമതെററവും ഞൊലിവെററിലയുണ്ടുബഹുവിധം പാലിച്ചി
ട്ടുംമരക്കൊടിവെററില വള്ളുവനാടതിലാദരിച്ചിടുന്ന വെള്ള
വെററിലഎത്രയും വിസ്മയം തുംഗമായൊരു കൊങ്ങിണിവെ
ററില കൊങ്ങവെററിലഭംഗിയതെററവും കുററമെറുന്നൊരാ
നമലപ്പതി വെററിലതരിപ്പെററമറിഞ്ഞാലും ഇരുന്നാലുമൊ
രുമാസംനള്ളിട്ട ങ്ങൊരുകെടില്ലവെററിലചെലത്തൊ വെള്ള
നൂരങ്ങധിവസിച്ചിടുന്ന വെള്ളവെററില യുണ്ടങ്ങൊരുവക
മാലററിടുന്നചൂഴ്തരെവെററില ബാലസ്ത്രീകളതിങ്കൽ രസിക്കു
ന്ന മുറുമുറുകുഴിവെററിലന്നൊന്നാം പറുമാറില്ലതെററമറിഞ്ഞാ
ലും ഇളനാടനാട്ടുക്ക യൊരുവക വെളുപ്പെററം പൊളിച്ചാല
തെററവും കൊഴിക്കൊടനടക്കക്കൊരുനാളുംപാഴപ്പില്ലപഴുത്തു
പറിക്കുന്നു രാമനാടനായുള്ളൊരടക്കയു മാമലകിയെപ്പൊല
തുവിസ്മയം വള്ളുവനാടതിലെററംവളന്നൊരു വെള്ളടക്കതൊ
ലിയുംകുറയുമെ കുറുന്നൊരെടനാടൻ പിന്നെയും പാരിൽമ

മ്പുള്ളപുത്തൂരടക്കയും ആരങ്കമെന്നടക്ക ചിലകാലം പാരിച്ചി
ട്ടുന്നവിസ്മയമെത്രയും ഇങ്ങിനെഭൂമിദെവന്മാൎക്കായ്ക്കൊണ്ടുമ
ങ്ങാതബ്ബിങ്ങളുരുൾചെയ്തു ഭാൎഗ്ഗവരാമനുമന്നെ. * * *

ഇതി-ഭാൎഗ്ഗവിയചരിതെ പ്രഥമപാദം സമാപ്തം॰

---

കൃതവീൎയ്യസുതരിപുഭാൎഗ്ഗവൻ മതിചെന്നരുൾചെയ്യി
ത്തുപിന്നെയും കൃഷികൎമ്മങ്ങൾചെയ്യുംപ്രകാരവും വൃഷഭാദി
കൾസാധനമൊക്കയും കൃഷിചെയ്യകഴിയാത്തവൎക്കൊരു വ
ഴിയില്ലപിഴപ്പിനുഭൂതലെ ദാരിദ്ര്യങ്ങൾ കളയെണമെങ്കിലൊ
ന്നെരത്തകൃഷിചെയ്യെണമെവനും പതംകാലത്തക്കുള്ളൊ
രുകൊപ്പുകളൊരുമ്പെട്ടുകരുതെണംമുമ്പിലെ എകദ്ദിപ്പട്ടുക്കെ
ണംതൊഴുത്തുക ളുകഴിട്ടങ്ങുടുത്തിട്ടിരിക്കെണം പുല്ലുവട്ടികൾ
വെണമിടെയിടെ വെള്ളപ്പാത്തികളൊട്ടുംബഹുവിധം തൊ
ഴുത്തൊളമിടയിട്ടിട്ടപ്പുറെ കുഴിച്ചുപട്ടുക്കെണംവളക്കുഴി_ കാള
ക്കുറികരികന്നിവയെല്ലാം ഒളംകൂടാതെകെട്ടണംവെവ്വെറെതാ
ടക്കാലിട്ടിട്ടെല്ലാതൊഴുത്തുക ളാടിപ്പൊകാതിരിക്കെണംകെട്ടു
മ്പൊൾ രാത്രിനെരംപിരിയാതെതീനിട്ടു നെത്രങ്ങൾകൊണ്ടു
താന്തന്നെനൊക്കെണം കന്നുരക്ഷിക്കപ്പൊകാത്തവരെല്ലാം
എങ്ങിനെകൃഷിചെയ്യുകഴിയുന്നു കന്നിനെക്കഴകിച്ചുകുളിക്കെ
ണം മെന്നുമെകൃഷികൎമ്മികളെപരും തലയക്കാലംതന്നെകരു
തെണം മലിവൊടെകരിയുംനകങ്ങളും നൊള്ളിയുംപള്ളക്കാലും
മരങ്ങളും തുമ്പിലിപ്പാത്തപൊത്തിച്ചുപിടിയുംകൊഴുവുംകൊട്ടുപാ
ൾമഴുകളെല്ലാട്ടും പഴിഞ്ഞൊറമിരിക്കെണമെപ്പൊഴും കുഴിക്കു
ത്തിയരുവാളുംകൊടാലി മഴത്തായാദികൊട്ടയുംവട്ടിയും പണി
യാളർമികവായിട്ടില്ലാഞ്ഞാൽ പിന്നെയുംകടമെവനുംനിന്നു
യം നടിച്ചുകൃഷിചെയ്യുന്നകാലത്ത പണിക്കാരനുംവീഴുംകട
ത്തിന്മെൽ വിളയുന്നവസ്തുക്ഷിപ്പതിന്നായി കളംവെണമൊ
രിടത്തുവെറിട്ടു പണിയിച്ചുവന്തന്നെകൊട്ടക്കെണം പണി
യാളർക്കവല്ലീവഴിപൊലെ വഴിവെട്ടിയടച്ചുവിളയിച്ചാൽ
ഉഴവന്മാർനശിക്കുന്നതെപരും അതിർനീക്കിവിളയിപ്പവ
ൎക്കൊരു ഗതിയില്ലപരലൊകത്തിങ്കലും വഴികൂടാതെകൊട്ടുന്ന
പരാതും കൃഷിചെയ്യുപിഴക്കാമെന്നൊക്കെണ്ട ഗുരുഭക്തിയു

മീശപരഭക്തിയും പെരുത്തോരെല്ലാനല്ല കൃഷിയിങ്കൽ നിദ്ര
യെറിയിരിക്കുന്നവരാരും ഭദ്രമല്ല കൃഷികൾ കർമ്മണി ചിത്ത
ത്തിങ്കലുണൎവ്വില്ലാതിടുന്ന മത്തന്മാരാരും വെണ്ട കൃഷിയിങ്കൽ
വിഷയത്തിങ്കൽ സക്തി പെരുത്തവർ കൃഷികർമ്മണിനൊക്കെ
ണ്ട കെവലം കളവുള്ളവരാരും നടക്കെണ്ട വിളഭ്രമെന്നു കൃഷി
പലരായിട്ട മദ്ധ്യമദ്ധ്യമ ധൂപാനം ചെയ്യുന്ന ബുദ്ധികെട്ട
വർ വെണ്ട കൃഷിയിങ്കൽ കണക്കെല്ലാമെ ചൊദിക്കും നെരത്ത
പിണങ്ങുന്നവർ വെണ്ട കൃഷികരെ വെള്ളം തന്നെ കൃഷിക്കു
പ്രധാനമെന്നുള്ളിലെല്ലാൎക്കും വെണമറിഞ്ഞാലും വെലികെ
ട്ടീട്ട വെണം കൃഷിവലർ കാലമെ വിതപ്പാനും നടുവാനും വളം
പാടത്തിടാഞ്ഞാലൊരിക്കലും തെളിവില്ലാ വിതച്ചാലും നട്ടാലും
അതുതന്നെയുമല്ല വിളവിങ്കലതികഷ്ടം കുറച്ചിലുണ്ടാമത്രെ തൊ
ലു വെട്ടീട്ട താഴ്ത്തീടുന്നവർക്കു തിന്നെല്ലു വിളയുന്നു നിണ്ണയം
വരമ്പു കുറച്ചീടുന്നവന്മാരെ പെരമ്പൊന്നെടിക്കെണം നുറുങ്ങവെ
മെലെക്കുണ്ടങ്ങൾക്കെല്ലാം വരമ്പുകളുലംബൈനധരിക്കെണ
മെവരും ഞൊക്കലെറയുള്ളൂടത്തൊരിക്കലും ചെക്കരുതുകഴയും
വെള്ളത്തിന വരമ്പിന്മെലെ പുല്ലുകളയെണം വിരിപ്പിന്നു മ
തെന്നെന്നു കെട്ടാലും പച്ചപ്പുല്ലു വളം വലിച്ചീടുന്നു നിശ്ചയം
വെടിപ്പിന്നൊന്നു വെക്കെണ്ട പണ്ടു പണ്ടുദധീചി കൃഷി ചെയ്യു
തുണ്ടു കണ്ടിട്ടതെന്നതറിഞ്ഞാലും മാഹെന്ദ്രപാലനെന്നൊരു
രാജാവു മെഹനാശത്തൊളം കൃഷി ചെയ്തിതു കാശികാണ്ഡ
ത്തിലുണ്ടു വിധിച്ചിട്ട ദെശം ദെശം കൃഷി ചെയ്യും മാൎഗ്ഗങ്ങൾ പ
റഞ്ഞാലുമൊടുങ്ങുകയില്ല വ കുറച്ചിട്ടു പറയുന്നു കെവലം വെ
നക്കാലം പണി വെണ്ടതൊക്കയും മാനിച്ചു പറയുന്നിതു യുഷ്മ
ഭ്യം വെലികെട്ടീട്ടുറപ്പിച്ചിട്ടെവരും കാലമെ വിറകെറയിടെണ
മെ വിറകാലാനിറഞ്ഞു വഴിഞ്ഞിട്ട പുറമെയടക്കെണം മുറപ്പി
ച്ച ഗതപക്ഷ്മസമപ്പിച്ചൊരിന്ധന മിതുകാലമെടുത്താലെ
നീരറു വെലിക്കൊൾക്കമഴകില്ലടുക്കെണം ചാലവെയിൽകൊണ്ടികെ
ട്ടുകദൃഢം പടിക്കാലും പടിയുമെല്ലാവൎക്കും വെടിപ്പൊടെയു
റപ്പിച്ചിരിക്കെണം പുരക്കുള്ളൊരു സാധനമൊക്കവെ കരു
ത്തൊടെ ചളി പിടിപ്പിക്കെണം തിന്ത്രിണി മുതലായുള്ള സാധ
നം മന്ത്രിഭിസ്സഹാമന്ത്ര്യായ ഫാതൃഷ്ഠി നല്ലെണ്ണ വെളിച്ചെണ്ണ
പുന്നയെണ്ണ നല്ല കൊട്ടെണ്ണയിവകയൊക്കവെ സംഭരിച്ചു ഭര

ററിയിലാക്കീട്ടു ശുഭവത്തായിസൂക്ഷിച്ചുവെക്കെണം സംഭരി
ക്കെണമീങ്ങചിനിക്കയും കുംഭമാസത്തിനുള്ളിലിവയെല്ലാം
പാകതാളിപ്പാടിലവണ്ണാദിക ളാകയുണ്ടാക്കിക്കൊണ്ടുകരു
തെണം മാങ്ങനാരങ്ങപാകത്തിലൊക്കയും നീങ്ങാതെനെല്ലി
ക്കായുംകരുതെണം പുരയൊക്കവെകെട്ടിമെഞ്ഞിട്ടടനിരിക്കെ
ണംസുഖിച്ചുടനെവരും തദനന്തരംനെല്ലുപെരുമ്പുഴ കൊദ
നത്തിനുവെച്ചുണക്കീട്ടുടൻ സംഗ്രഹിക്കെണംസൂക്ഷിച്ചവ
യെല്ലാം സംഗ്രഹചിത്തന്മാരെന്നറിഞ്ഞാലും എങ്കിലൊപഴ
തായിക്കിടക്കുന്ന പങ്കാടൊക്കമുറിച്ചുദഹിപ്പിച്ചു സങ്കരങ്ങ
ളെയൊക്കകളഞ്ഞിട്ടു ശങ്കകൂടാതുഴവുമാറാക്കെണം കന്നതിന്നു
ന്നതൊലൊക്കകൊണ്ടുന്ന കന്നിനുകൊടുക്കെണംദിനമ്പ്രതി
പട്ടുഴവുകഴിച്ചിട്ടുപാക്കെണം കുട്ടാടൻവിതച്ചീട്ടുവാൻഭൂമി
യിൽ കട്ടയൊക്കപ്പൊടിച്ചുതകർക്കെണം കെടികൊണ്ടങ്ങുല
ച്ചുവരുവൊളം അതുനില്ക്കട്ടെകെട്ടാലുമിന്നിയും മതഭെദംപറയു
ന്നതില്ലനാം നനച്ചുണ്ടാക്കിട്ടുള്ളൊരുസസ്യാദി മനസ്സിന്നു
തിസൌഖ്യമഹൊന്നണാം — വെള്ളത്താവളമുള്ളൊരുഭാഗത്തു
വെള്ളമുണ്ടാക്കികൊള്ളണമെവരും നനച്ചെമ്പാദിയായുള്ള
തൊക്കയും കനക്കക്കുഴികുത്തിനടെണമെ കിഴക്കൻകൈപ്പ
വിത്തുപടവലം വഴിക്കെകുത്തിയിട്ടുപടർത്തെണം നനവെറു
ന്നദിക്കിലിവററിനു നിനക്കെണ്ടുകുറഞ്ഞീടുംകായ്കളും വിത്തു
നെരത്തെപാകിമുളപ്പിച്ചുനിർത്തിടെണം വഴുതിനിങ്ങതഴും അ
റക്കീരചെറുക്കീരവിത്തു മുത്തുതടാപാകിമുളപ്പിക്ക തണ്ടൻ
കീരവിതച്ചാലും നട്ടാലും ഉണ്ടാകുന്നുവിധിപൊലെദീശ്വരത്തി
ൽ മുണ്ടൻകൈപ്പക്കവെനൽപരിഷവു മുണ്ടുകായുംവളരെ
വർദ്ധിക്കുന്നു കുള്ളിയൊക്കചെറുതായിട്ടുണ്ടാക്കി പ്പള്ളമായിന
ടെണംവഴുതിന തിരിവെള്ളവുംതെക്കിയവെള്ളവും ഈരണ്ടു
ങ്കിലുംവെണംസുലഭമായി വെള്ളരിക്കുഴികുത്തിപുതച്ചിട്ടു
വെള്ളമൊടെവളവുംകലക്കെണം ഇവററിന്നൊക്കചുട്ടവള
മിട്ടു ഭൂമിതന്നിൽമുളപ്പിക്കവെണമെ ചിതലെറുന്നദിക്കിലിവ
യൊന്നും മുതുന്നുണ്ടാകാതുവൃഥാവലെ വെനൽകുമ്പളമെ
ത്രെയുംവിസ്മയം മാനിച്ചുണ്ടാക്കിപ്പന്തലിടെണമെ വെള്ളി
ത്തണ്ടൻപയറുമിതുപൊലെ വെള്ളംപാടാതിക്കെണമെപ്പൊ
ഴം വൃശ്ചികഞായറുംതുലാഞായറും നിശ്ചയംപരീക്ഷിക്കുംപര

ദെശ രണ്ടുമാസത്തിലഞ്ചെട്ടുനാളില ങ്ങുണ്ടായാലുംമഴമതി
യക്കാലം ഒന്നുരണ്ടുമഴപെയ്യാലുമിതിൽ നന്നുവൎഷമക്കാല
ത്തുംകെവലം മലയാളമാംനമ്മുടെദെശത്ത ങ്ങലിപെറുമെഭൂ
മിക്കുനിൎണ്ണയം കെട്ടുകൊള്ളുവിൻമെലിലെവൃത്താന്തം കെട്ട
ണ്ടങ്ങഗസ്ത്യാചരിതത്തിൽ ചെരഞ്ചൊളനുംപാണ്ടിയനുംഭൂ
വി വീരന്മാരാകുംരാജാക്കന്മാരിവർ മൂവ്വരുംദക്ഷിണദിശിയു
ള്ളവർ മൂവ്വരുംമൂന്നുദിക്കിന്നധിപന്മാർ യൌവ്വനംപരമായു
ൎബലശ്ശന്മാർ മൂവ്വരുമൊരുമിച്ചുവിചാരിച്ചു രവ്വില്ലാതെവ
രിഷ്ഠിക്കകാരണം ചൊവ്വില്ലാതെനശിക്കുന്നുരാജ്യവും ദെവ
ദെവൻറകാരുണ്യമില്ലാഞ്ഞി ട്ടീവണ്ണംനശിക്കുന്നിതുകെവ
ലം കാമവൈരിതൻഭക്തന്മാരായുള്ള നാമിപ്പൊളെന്തുചെയ്യെ
ണ്ടതൊന്നാലും കശ്ചിദ്ദെവംബെദാഷെതപാംസിമാം നി
ശ്ചയംകൎത്തുമാരഭെവിശ്രമം അന്യരാജാക്കന്മാരിതുകെട്ടിട്ടങ്ങ
ന്യൊന്യംവിചാരിച്ചൊരിരിവരും ഇതുകൂടാതെമറെറാരുപായ
വും ഇതിനില്ലനിരൂപിച്ചുകാണുമ്പൊൾ സെവിക്കുന്നവൎക്കാ
പത്തുനീക്കുന്ന ദെവദെവൻമഹെന്ദ്രൻ ദയാനിധി ദൃഷ്ടികൊ
ണ്ടുടൻകാണുമാറാകെണം വൃഷ്ടികൎത്താരംദെവംമഘവന്തം
മൂവ്വരുമെകചിത്തന്മാരായിട്ടുംഇവണ്ണന്തന്നെഎന്നുറച്ചീടിനാ
ർ രാജ്യപാലനമൊക്കയുമിപ്പൊഴെ ത്യാജ്യമസ്മാഭിരദ്യൈവമ
ന്ത്രിഷു മന്ത്രിമുഖ്യനഥാഹ്വയമൂവ്വരും മന്ത്രിച്ചുകൊട്ടുത്താനുൎവ്വി
ഭാരത്തെ സ്വസ്വമന്ത്രിഷുകാൎയ്യങ്ങളൊക്കയു മസ്വതന്ത്രന്മാ
രായിനടത്തുവിൻ ഭൂമിഭാരമിവണ്ണമുറപ്പിച്ചു ഭൂമിപാലൎത്തു
നിത്യതപസ്സിനായി ദിക്കുനാലിലുംകാവലുംവെച്ചിട്ടു മുക്ക
ടത്തിലിരുന്നുനൃപന്മാരും നിത്യകൎമ്മങ്ങളൊക്കയുപെക്ഷിച്ചുസ
ത്യമാനസന്മാരായനന്തരം ചിത്തശുദ്ധിവരുത്തിമഹെന്ദ്രനെ
ചിത്തത്തിങ്കൽപ്രവെശിപ്പിച്ചീടിനാർ ബാഹ്യത്തിങ്കൽച
രിച്ചുകിടക്കുന്ന ബാഹ്യമിന്ദ്രിയമൊക്കയുമപ്പൊഴെ വ്യാപാ
രങ്ങളുമൊക്കയുപെക്ഷിച്ചു താപംകൂടാതെചനകംപുക്കിതു
ദെഹചാഞ്ചല്യമില്ലാത്തകാരണം മൊഹംകൂടാതെമാനസംതാന്ത
ന്നെ നിസ്സ്വവൃത്തികളെന്നൊടുകൂടാതെ വന്നിതുജന്മസാഫല്യ
മാത്സൎയ്യം ദെശകാലങ്ങളിങ്ങുകിടക്കയാ ലാശയംകൂടയില്ലാ
തെയായിപ്പൊൾ മന്നവന്മാരിവണ്ണംബഹുകാലം മുന്നംവി
ശ്വാമിത്രാദികളെപ്പൊലെ ദെവദെവനെമാനസംകൊണ്ടുടൻ

സെവിച്ചാരവരിഷ്ടകാൎയ്യാൎത്ഥമായി ശക്തന്മാരായഭൂപതിമാരുടെ ശക്തിയുംതപസ്സുംകണ്ടുദെവനും സ്വൎഗ്ഗവാസികളൊടുംമുനിവരവൎഗ്ഗത്തൊടുംതെളിഞ്ഞരുൾചെയ്തിതു.നമ്മെസെവിച്ചിട്ടിവണ്ണമാരുമെചെമ്മെകണ്ടിട്ടില്ലെന്തൊരുവിസ്മയംമനുജെന്ദ്രന്മാൎക്കുള്ളൊരുസങ്കടംദനുജാരീന്ദ്രനായുള്ളനാമിന്നതെരിക്കുന്നുകളഞ്ഞുരക്ഷിക്കേണം പരക്കയിതുകെട്ടതില്ലെനിങ്ങൾ വരമെന്തൊന്നുവെണ്ടതിവകെക്കുന്നുവരിച്ചാലതുനൽകെന്നുനിൎണ്ണയം എന്നെല്ലാമരുൾചെയ്തുജഗല്പതി ചെന്നുഭൂപതിമാരുടെസന്നിധൌവൃത്രവൈരിവിബുധപതിതാനും തത്രകണ്ടിതുഭൂപതിവീരരെഭക്തവത്സലനായശചീപതിഭക്തന്മാരൊടരുൾ ചെയ്തിതിവണ്ണം.നിങ്ങളെന്നെക്കുറിച്ചുതപസ്സുചെയ്യിങ്ങിനെ വസിച്ചീടവാനായുള്ള കാരണമെന്തൊന്നുള്ളിലതൊക്കയുംതിരച്ചൊല്ലുവിനെന്തുംമടിക്കെണ്ടമന്നവരിതുകെട്ടുണൎന്നിട്ടുടൻസന്നഖെദം തൊഴുതുണൎത്തിച്ചിതു ജംഭവൈരിഭഗവാനൊഴിഞ്ഞൊരു തമ്പുരാനില്ലഞങ്ങൾക്കനിൎണ്ണയംനിന്തിരുവടിയെക്കണ്ടതിൽപ്പരമെന്തൊന്നടിയങ്ങൾക്കുവെണ്ടതു മഘവാനൊൻഭവാനുംവിനാഭുവിഭഗവാനുംഭജിക്കുന്നിതില്ലാരുംകൊപചിന്തയതന്യന്നു കെവലമെവമെവംബഭൂവജഗദിദം ഭൂമിപാലനംചെയ്യെണമെന്നൊരുകാമമില്ലിഹഞങ്ങൾക്കുദൈവമെനിന്തിരുവടികാരുണ്യമുണ്ടെങ്കിലെന്തൊരുദുഃഖമുള്ളൂഭുവിന്നെന്നാം യാഗകൎമ്മങ്ങൾ ചെയ്യാലുമിന്നൊരുയൊഗവാനായിരിക്കുന്നതില്ലാരുംഭൂമിയിലതിവൃഷ്ട്യാദികൊണ്ടുടനാമയംപൊരുമുണ്ടുകൃപാനിധെമനുജാതികളായൊരടിയങ്ങൾ ക്കന്നമാനപ്രമാണമില്ലാൎക്കുമെ ഇരിക്കട്ടെയിതൊക്കയുമിന്നൊന്നു ചൊല്ലീടുണൎത്തിക്കുന്നിതിജ്ജനം അഷ്ടമൂൎത്തിയായുള്ളഭഗവാൻറെ വൃഷ്ടിയെല്ലൊജഗത്തിനുകാരണം വൃഷ്ടിയില്ലായ്കകൊണ്ടുജഗത്തിനും പുഷ്ടിപാരംകുറഞ്ഞുചമഞ്ഞിതു വൃഷ്ടികൊണ്ടനുൽതൃപ്തിവരുത്തെണം. വൃഷ്ടികൎത്താവായീടുംശചീപതെ മനുജാധിപന്മാരിവയൊക്കവെ ദനുജാരീന്ദ്രനൊടുണൎത്തിച്ചിതു പാകശാസനൻഭൂപതിമാരുടെശൊകംകണ്ടരുൾചെയ്തുപിന്നെയും നമ്മാലെന്തൊന്നുവെണ്ടുന്നതൊക്കയും ചെമ്മെയിന്നുതരുന്നുണ്ടുനിങ്ങൾക്ക വൃഷ്ടിയെങ്ങിനെനിങ്ങൾക്കുവെണ്ടുതെ ന്നിഷ്ടമൊടെപറഞ്ഞാലുമിന്നിഹ കൃപയൊടരുൾചെയ്തുകെട്ടുടൻ നൃപവീരരുമന്യൊ

ന്യം ചിന്തിച്ചു വൃത്രവൈരിയോടൊന്നങ്ങുണൎത്തിച്ചു ചിത്ര
മൈത്രെയരുൾചെയ്യുതൊക്കുമ്പോൾ നിന്തിരുവടിയങ്ങറിയാ
തെകണ്ടെന്തൊന്നുള്ളു ജഗതിതലെന്നുണ്ണാം എങ്കിലുമടിയങ്ങ
ളുണൎത്തിക്കാം സങ്കടംപാരമുണ്ടിന്നഞങ്ങൾക്ക വൃഷ്ടിപൊ
രായ്കകൊണ്ടുടൻ ഭൂതലം നഷ്ടമായിതുകെവലംധൎമ്മവും നിയ
മങ്ങളുമില്ലമഴക്കിഹ കയറുന്നതുമില്ലവിലയൊന്നും ദുൎഭിക്ഷം
തന്നെയെന്നെപറയെണ്ടു ദുൎഗന്മാരടിയങ്ങളാകയാൽ പ
ണ്ടഗസ്ത്യമഹാമുനിപുംഗവ നുണ്ടാക്കിക്കുടകന്നഗിരിയത ത
ലക്കാവെരിയെന്നനദിയതു ജലത്തെപ്പെരുക്കുന്നു ചിലകാലം
ചൊളനാമടിയനിന്നതുകൊണ്ടു ചൊളരാജ്യത്തെരക്ഷിച്ചുപൊ
രുന്നു ദക്ഷിണാദിശിപിന്നെയുമമ്മുനി ശിക്ഷയൊടങ്ങിരു
ന്നുബഹുകാലം അഗസ്ത്യകൂടമെന്നഗിരിയത അഗസ്ത്യനിരു
ന്നീടുകകാരണാൽ മുനിതന്റെകനിവതുകൊണ്ടുടൻകനിഞ്ഞി
ട്ടതിൽനിന്നുപുറപ്പെട്ടു തടിനീതാമ്രപൎണ്ണീനദിയതു തടവില്ലാ
തെകണ്ടൊലിക്കുന്നു പാണ്ടിനാടതുതന്നിൽചിലകാലംപാ
ണ്ടിയൻകഴിയുന്നിതതുകൊണ്ടു ധൎമ്മവൃഷ്ടികൊണ്ടെല്ലൊകഴി
യുന്നു ധൎമ്മമാനസൻചെരജഗല്പതി ഇങ്ങിനെയെല്ലാംദുഃ
ഖിച്ചിരിക്കുന്നൊരെങ്ങളെരക്ഷിക്കെണംദയാനിധെ വല
വൈരിഭഗവാനിതുകെട്ടു തെളിഞ്ഞരുന്നരുൾചെയ്തുകൃപാനി
ധി ചതുൎമ്മാസങ്ങൾവെവ്വെറെനിങ്ങൾക്കുപുത്രമാരുണ്ടാക
ന്നതുണ്ടനാം വൃഷ്ടിനിങ്ങൾക്കുവപ്പിവരുവൊളം സൃഷ്ടിച്ചിട്ട
യക്കുന്നുണ്ടുനിൎണ്ണയം നിങ്ങളൊന്നുണ്ടുവെണ്ടുന്നുകെട്ടാലും മ
ങ്ങിടാതൊരുമാനസന്മാരുമായി ധൎമ്മബുദ്ധികളായിട്ടിരുന്നി
ട്ടു ധൎമ്മംചെയ്തുവസിക്കുന്നകാലത്തും ധൎമ്മിഷ്ഠന്മാരെരക്ഷിക്കും
കാലത്തും ധൎമ്മപാലനം ചെയ്യുന്നകാലത്തും നിങ്ങളുമിന്നന
ന്തരംഭൂപരു മിങ്ങിനെവസിച്ചീടുന്നകാലത്ത വാസവാവാ
ക്യത്തിന്നിളക്കംവരാ വാസുദെവന്റെക്കാലാണെനിൎണ്ണയം നി
ങ്ങൾതമ്മിൽനാംതന്നൊരുവൃഷ്ടികൊ ണ്ടങ്ങന്യൊന്യംവിഭാ
ഗിച്ചുകൊള്ളുവിൻ എന്നെല്ലാമരുൾചെയ്തുജഗല്പതി നന്ദിത
സുരവൃന്ദംമഹെന്ദ്രനും കാമലാഭെനതുപുരായിട്ടുടൻ ഭൂമിഭൎത്താ
ക്കളൊക്കതെളിഞ്ഞിതു ഭൂതലത്തിങ്കലുള്ളജനങ്ങൾക്കും ഭൂത
ങ്ങൾക്കുംതെളിഞ്ഞിതുകെവലം ഭൂപതികളുംവൃഷ്ടികൊണ്ടന്യൊ
ന്യം താപംകൂടാതെഭാഗിച്ചിതക്കാലം മിഥുനംകൎക്കടകംകന്നി

ചിങ്ങവും സതതംവരിഷിക്കുന്നമാസങ്ങൾ ചതുൎമ്മാസമെട്ട
ത്തിതുചെരന മതുപൊലെയെട്ടത്തിതുചൊല്ലുന്നും നിശ്ചയിച്ചു
തുലാവുംമകരവും വൃശ്ചികംധനുമാസങ്ങളിങ്ങിനെ ശിഷ്ടമാ
യുള്ള നാലുമാസങ്ങളും പുഷ്ടമൊദമെട്ടത്തിതുപാണ്ടിയൻ ഇ
ങ്ങിനെപഴത്തിട്ടുപിരിഞ്ഞിതു തങ്ങൾതങ്ങടെരാജ്യത്തിൽമൂവ്വ
രും ഒരാവണ്ണംവരിഷിച്ചൊരുവത്സര മെവരുംകഴിഞ്ഞിട്ടുപുറ
പ്പെട്ടു തമ്മിലന്യോന്യംജ്യേഷ്ഠാനുജന്മാരാ മമ്മഹീപാലർചൊ
ദിച്ചിതെവരും വൃഷ്ടിയിന്നിതുപൊരനമുക്കെന്നു തുഷ്ടചിത്ത
നാംചെരനരചെയ്യു വൃഷ്ടിയെററംനമുക്കെന്നുചൊല്ലുന്നുംവൃഷ്ടി
പാരംപെരുതെന്നുപാണ്ടിയൻ വൃശ്ചികവുംതുലാമാസവുംപി
ന്നെ നിശ്ചയിച്ചുകൊടുത്തിതുചൊല്ലുന്നുംമെടവുമിടവമാസവും
പിന്നെ കൂടെനൽകിനാൻചെരനുപാണ്ടിയൻ ഇടയിൽകൂട
വെണംനമുക്കെന്നിട്ടിടമാരിയെന്നിട്ടിതുനാമവുംനമ്മുടെവരി
ഷത്തിന്നുചൊല്ലുന്നാംചെമ്മെനാംകിഴക്കാകൂലന്തന്നെകിഴക്ക
മ്മഴയെന്നൊരുനാമവും മുഴുത്തുനടക്കേണംവിശെഷിച്ചുംകിഴ
ക്കിന്നങ്ങുമെഘമെട്ടത്തിട്ടമഴെക്കും മുന്നെവെട്ടമിടിദ്ധ്വംവായു
വുംകിഴക്കിന്നങ്ങടിച്ചിട്ടുപായുമെയിടിവാളുമല്ലനെരംതിരിഞ്ഞു
യ്യടിനെരത്തുവന്നിട്ടുചൊരിയുന്നിതുനമ്മുടെ വൃഷ്ടികൾചൊതി
നമ്മുടെനക്ഷത്രമാകയാ ലാദിത്യനതിൽനിൽക്കുമ്പൊളെറിടും
നമ്മുടെവരിഷത്തിന്നിളപ്പവും ചെമ്മെയുണ്ടാകയില്ലൊരുനാ
ളുമെ പാണ്ടിയനതുകെട്ടിട്ടനന്തരം മൂണ്ടുവിസ്മയംചൊല്ലിനാ
നീവണ്ണം നാമിന്നുതന്നെവൃഷ്ടിക്കടയാളും ക്ഷെമമായിട്ടിരിക്കും
കണ്ണങ്ങളും ബുൽബുദങ്ങളാമാലിപ്പഴങ്ങളു മുൽബ്ബണമായി
ക്കാണുന്നിതെററവും രൊഹണിയാകും ഞാററു നിലതന്നിൽ
ആഹന്തവരിഷിച്ചിട്ടെററവും മിക്കവാറുംകിഴക്കന്മഴപൊ
ലെ ഇക്കാലഭെദമുള്ളമമവഷം ചെരനാംപെരുമാളൊന്നരു
ൾചെയ്യു കാരുണ്യംനിങ്ങൾക്കെന്നിലുണ്ടാകയാൽ തിന്ദുഃ
ഖമിനിക്കെന്നുനിൎണ്ണയം ചെന്മാനസമെല്ലാൎക്കുമത്ഭുതം താ
തന്തന്നെൻറനിയൊഗമനുഷ്ഠിക്ക ഹെതുകൊണ്ടുനാമെല്ലാരുംതൃ
പുനായി നമ്മുടെഭൂമിക്കൊരാഷ്ടയുണ്ടാകയാ ലിമ്മഹാജനംപാ
ലിച്ചുനിൎണ്ണയം അണയാതെവരിഷിക്കകാരണെ മണലീഎ
ന്നവൃഷ്ടിനമുക്കെല്ലാം തിരുവാതിരനമ്മുടെനക്ഷത്രം വരുന്നെ
രത്തുഞാററുനിലയതിൽ പെരുവൃഷ്ടി യഹൊരാത്രമാകയാൽ

പെരുവുന്നഫലമൂലമൊക്കവെ പറഞ്ഞീവണ്ണമൊക്കതെളി ഞ്ഞിട്ടു പിരിഞ്ഞുസുഖത്തൊടെനരെന്ദ്രന്മാർ_ചെരൻകല്പമാ യിട്ടുമലയാളം സാമ്രമായിട്ടുംകല്പനുണ്ടാകയാൽ ചെരമാംകല്പ മെന്നുവരുന്നിതു പാരിലൊക്കനിറഞ്ഞുചമഞ്ഞിട്ടു ധർമ്മനീതി കൾക്കൊക്കയുംകല്പമായി നിൎമ്മിച്ചുചമച്ചിട്ടുകകാരണം ചെര മാൻപെരുമാളെന്നൊരുനാമം_ പാരിനമൊരുനാമമതുമൂലം നൃക്കമിതുസമ്മതമാകുന്നുചിതത്തൊടെവരുമെന്നുനിൎണ്ണയം നിങ്ങൾക്കെല്ലാംസുഖമിവൻകാലത്തതങ്ങിനെതന്നെയാക ന്നതുണ്ടുനാം പരശുരാമനെവമരുൾചെയ്തു ധരണീസുരന്മാ രൊടതുകെട്ടു പരമാനന്ദംപൂണ്ടുതെളിഞ്ഞിഹമരുവീടിനാനക്കാ ലമെവമന്നെ ഇതിഭാൎഗ്ഗവീയചരിതെദ്വിതീയപാദംസമാപ്തം. ✱

ഹരിഃ ശിവശങ്കരദെവപശുപതെ ഭവഭാനുശശിവഹ്നി ലൊചന ശിതികണ്ഠ ശിവാനീപതെവിഭൊ പ്രതിശ്രൂലശി തീശമഹെശര ഭാമശാനാൎമ്മിത്ഥംമഹെശന്റ സാദരംജ പിച്ചാശയശുദ്ധന്മായി മരുവുന്നപരശുധരൻപുന രെവമ ങ്ങരുൾചെയ്തിതുപിന്നെയും ഭൂസുരെന്ദ്രരെകെട്ടാലുമെങ്കിലൊ ഭാസുരചിത്തന്മാരായിട്ടെവരും കൃഷിചെയ്യുംപ്രകാരങ്ങളൊ ക്കയും ഋഷിവാക്യപ്രമാണമതാകുന്നു പട്ടൊഴവങ്ങുഴുതുപൊ ടിച്ചിട്ടു കട്ടകൂടാതെഇട്ടതിൻറശെഷം ഇടമാറിചൊരിഞ്ഞു പരമിന മടവൊടങ്ങുഴണംവെടിപ്പായി പുകിലില്ലാതുഴുതി ട്ടുകന്നിനെവകകൂടാതെകൊള്ളുന്നതാരുമെപ്പൊഴുചാലിൽകുറഞ്ഞി ട്ടൊരുനാളും വിത്തുകണ്ടത്തിലാക്കായ്കൊരുത്തരും മുമ്പിലുള്ള കഴായകിളച്ചിട്ടു ട്ടമ്പൊടങ്ങുവരമ്പുപൊതിയെണം മഴനൊ ക്കിട്ടുചെയ്യെണമെവരും കൃഷികൎമ്മണികൎമ്മങ്ങൾനിൎണ്ണയം അതിലുംപിന്നെപ്പെട്ടുപണിയൊക്ക ചതികൂടാതെവെഗംക ഴിക്കെണം മഴയെറികഴഞ്ഞുവിതച്ചാലൊ പഴുതെതന്നെയാ കുമൊലിവിത്ത തടവില്ലുവിളവുകുറഞ്ഞുപൊം ഒടഞ്ഞാലുവിത ച്ചാലൊരെടത്തും കട്ടാടൻവിതച്ചിട്ടുന്നഭൂമിയി ലൊട്ടുമെകാ ലംവൈകരുതൊൎത്താലും വട്ടൻവിത്തിനുകൊച്ചിലഞ്ഞെറിയാൽ ഒട്ടുമെസഹിച്ചിടുകയില്ലപൊൽഭരണിയാകുംഞാററുനിലത്തി ൽ പരതിച്ചുവിതക്കെണമെവരും വട്ടളൂമതിൽതന്നെവിത

ക്കണം പെട്ടുപൊകാതിരിക്കെണം വെള്ളത്തിൽ മുണ്ടപ്പള്ളി ഭരണിയിൽതന്നെയു മുണ്ടാകുന്നിതു ചാമയുമപ്പൊലെ മണലെറുന്നടിക്കിലൊരെടത്തും പണിചെയ്യെണ്ടതൊററിനനിണ്ണയം ഞാറുണ്ടാക്കപ്പൊകാത്തവരാരുമെ ചെരെണ്ടു കൃഷികർമ്മണികുത്രചിൽ കാരൊലത്തുമ്പുംകാനലിലെഞാറും കാട്ടുകാലികൾതങ്ങളുടെകെട്ടുംകളകൂട്ടപരിമുളക്കുംഭവി നാലെല്ലൊ കൃഷിശത്രുക്കളാകുന്നു ഭരണിയാകുംഞാററുനിലതന്നിൽ വിരിപ്പിന്നൊക്കഞാറാവുപാകെണം കാർത്തികയിലുംകഷ്ടിച്ചുകൊള്ളുന്നു ചെയ്ക്കുന്നുചിലർപള്ളിമഞായലിൽ രൊഹണിയിലൊലിവിതച്ചിട്ടുടൻ ദെഹവൃത്തികഴിക്കുന്നിതെപരും വരിഷംതന്നെയെറിയാലുമതിൽ വരുമെകൃഷിനന്നായിട്ടെവർക്കും കരിപ്പാലിഭരണിയിലങ്ങൊട്ടു വിരിപ്പിന്നുചിതംവരുമാറില്ല വിളവെറയുണ്ടാകുമതിലെന്നും പലരുംധരിക്കെണംകൃഷിവലർ വട്ടനുംമുണ്ടപ്പള്ളിയാംവിത്തിനും വട്ടെല്ലാംഭരണിതന്നിലാകുന്നു രൊഹണിയിലുംകാർത്തികതന്നിലുമാ ഹന്തവിതക്കുന്നിതുകഷ്ടിച്ചു മലയാളത്തിൽരൊഹണിക്കപ്പുറം ഒലിയായിട്ടങ്ങൊട്ടുംവിതക്കെണ്ടു പറമ്പൻമൊടനാദിയായുള്ളവ പറമ്പിൽവിതക്കെണംഭരണിയിൽ രൊഹണിയിൽചെറുമൊടനാദിയെ മൊഹിച്ചുവിതക്കുന്നുചിലരഹൊ പറമ്പൻകഴമക്കങ്ങുരൊഹണി പറയുന്നുമലയുടുമ്പന്നുമെ ഭരണിയിലരിവിരിയെല്ലാരു കരുതിട്ടുവിതച്ചുളുടങ്ങണം ഞാറുപാകെണമൊക്കവിരിപ്പിന വെറിട്ടുഭരണീകൃത്തികയിലും വിരിപ്പാകുന്നവിത്തങ്ങിരിവിരി പെരുത്തുള്ളൊരുമൂപ്പതിനാകുന്നു പരന്നുവിതച്ചാലുമെനട്ടാലും വരുന്നവിളവൊപ്പമിരിവരി ചെമ്പുചെനകരിമ്പാദിയൊക്കയും തുമ്പിടെണാമെരൊഹണിക്കപ്പുറം ചില കാലത്തിടവഞായററില്ല മൊലിയുംവിതക്കുന്നിതൊട്ടുക്കത്ത പാർത്തിട്ടുവിതക്കുന്നുമകീരത്തിൽ പെത്തുപിന്നെയുംവിത്തുവലിയത വിരിപ്പിന്നൊക്കഞാറങ്ങിളമയിൽ പറിച്ചിട്ടുനടെണംപഴകാതെ തിരുവാതിരഞാററുനിലയൊളം വിരിപ്പങ്ങുനട്ടുനുണ്ടുകുത്രചിൽ പുന്നർതത്തിൽവിരിപ്പുനടുന്നവർ ഗുണഹീനന്മാരായകൃഷിവലർ രൊഹണിയിൽകരിങ്കറഞാറെല്ലാം മൊഹംതിന്നിട്ടുപാകെണമെപരും കുമ്പളവൻമകയിരത്തിങ്കലും സങ്കടമില്ലമൂപ്പതിനൊറുമെ മുണ്ടകത്തിലെജ്ജമാനനാകുന്ന

മുണ്ടകപ്പാലയുംകൊടനെരിയും മുമ്പനാകുമരിക്കിരാലിവിത്ത മുമ്പിൽതന്നെപാകെണംഭരണിയിൽ കാൎത്തികയിലുംരൊഹണിതന്നിലും തീൎത്തുപാകെണംതൊറുകരിക്കുറ പള്ളിയാൽക്ക വിരിപ്പുവിത്താകുന്നു വെള്ളയിൽതന്നെകെട്ടാലുമെവരും പള്ളിയാൽപണിയൊക്കകഴിഞ്ഞിട്ടു കൊള്ളുവൊരപ്പൊഴുതുകരിക്കുറ തൊലിടാതെനടെണ്ടുകരിക്കുറ കാലമെവെണമെല്ലൊ വിരിപ്പിനും ഒലിക്കൊക്കപ്രധാനംവളമെന്നു പലരുമറിയെണംകൃഷിവലർ കളയൊട്ടുംമുളക്കരുതെങ്കിലൊ വളംചുട്ടിട്ടിടെണം വഴിപൊലെ വരിയുംകളയുംവിരിപ്പൊടുട നരികെമുളെക്കുന്നുവിതക്കുമ്പൊൾ വളമിട്ടാലുമുണ്ടുവിരിപ്പിങ്കൽ പിരിയാതെചിലെടത്തുവിസ്മയം ഭൂമിതന്നുടെഭെദമെന്നുംചില രാമൊദംബീജഭെദെനകുത്രചിൽ പുതുമാരിയുംബീജവുംകൂടുമ്പൊൾ എഴുക്കുന്നുവരിയുംകളകളും കെട്ടാലുമിവയൊക്കയുമല്ലാതെ പാട്ടംകൂടാതെയുള്ളവിളവുകൾ കൊളനീരുംപനിനീരുംകാൽനീരും വളനീരുംമലനീരുമൂർനീരും ആറുനീരൊലിച്ചീടുന്നഭൂമിയിലെറയുണ്ടുവിളവെന്നുനിൎണ്ണയം കരിമ്പാറയങ്ങുള്ളവയലിന്നു തിരുമ്പിട്ടുടൻപാഴമെന്നാകിലൊ വിളവങ്ങതിലെറയുണ്ടാകുന്നു തെളിവൊടെപറയുന്നാമിപ്പൊൾ ഉറവില്ലാതെയുള്ളൊരുഭൂമിയിൽ ഉറപ്പുള്ളൊരുവെള്ളമുണ്ടെങ്കിലൊ വിളവെറയുണ്ടാകുമതിലെന്നു പലരുമറിക്കെണംകൃഷിവലർ വളച്ചുയുള്ളപാടപ്പുമിവണ്ണം മുറച്ചുജലമുണ്ടാകുമെങ്കിലും ഉഭയങ്ങൾ കീഴ്പാറയുണ്ടെങ്കിൽ അഭയജലമുണ്ടാകിലുന്നഥാ ചെമ്പുമുണ്ടെന്റെറവുമെല്ലാനാളും സംഭവിച്ചാലതിൽവിളവില്ലപൊൽകെട്ടുകൊള്ളുവിനാറു വലിയുള്ള കൊട്ടപ്പാടംവിളവില്ലകെവലം അഴിക്കണ്ണികളായുള്ളപാടത്ത വഴിപൊലെവിളവില്ലനിൎണ്ണയം ഊഷരാഭൂമിമെടിച്ചുഴന്നവർ ഭൊഷന്മാരെന്നുതന്നെ പറഞ്ഞീടാം മണലും മണ്ണുംകൂടിയഭൂമിയിൽ പണിയെണം വളമിട്ടിട്ടെവരും എങ്കിലൊതാണവീതിയിലാകുന്നു പങ്കത്തിൽകൊളുംപുഞ്ചയുമെന്നിവ രണ്ടുവാഴയുണ്ടങ്ങതിലെത്രെയും ഉണ്ടെല്ലൊവിളവെററമറിഞ്ഞാലും ചെന്നെല്ലെല്ലൊപിടിക്കുന്നകൊളത്തിൽ മൂന്നുമാസത്തിനുള്ളിൽവിളഞ്ഞിടും കൊൽത്തൊണിക്കൊണ്ടുതെക്കിജലമൊക്ക പൊക്കെണമൊലകൊണ്ടു മൂട്ടത്തിട്ടു ചളിപൊങ്ങിച്ചുവെണംവിതക്കുമ്പൊ ളുളുവെകൊ

ള്ളോക്കുന്നനിണ്ണയംകള്ളിമാടിനട്ടുകവിതക്കയും വെള്ളംകൊണ്ടുപൊറുതിയില്ലാഞ്ഞിട്ട വെട്ടിയിട്ടങ്ങെറിഞ്ഞുനട്ടുകയാൽവെട്ടിക്കട്ടാടനെന്നുപറയുന്നു കൊളിലഞ്ഞുനവരെയുംപട്ടനും മെളിച്ചുപിടിച്ചീടുന്നുഭൂമിയിൽ വെളുത്തനവരപിടിച്ചീടുന്നു കുളപ്പെറുന്നപുഞ്ചക്കുമ്രചിൽ മകരംകുംഭമാസങ്ങളിലിവ മികവൊടെകറുത്തനവരയും വിതച്ചീടുന്നുപട്ടനമീവണ്ണം മിളുകൊയ്യുന്നു മെടമാസത്തിന്നിൽ കൊളുമുഞ്ഞിപ്പോകാതെയിരിക്കണം കൊളുള്ളാക്കാളഞ്ഞെറയുണ്ടാകണം തിരുവാതിരഞാറുനിലതന്നിൽവരുന്നുകൊളുമുഞ്ഞിച്ചിലകാലംകൊളുമുഞ്ഞിയകാലത്തുകൊരുകൊളുതന്നെയതാകുന്നുനിണ്ണയംവെള്ളമെറുന്നകാലത്തുകുട്ടാടനുള്ളിൽതന്നെനശിക്കുന്നുവെള്ളത്തിൽമെടഞായററിലുംവിതച്ചീടുന്നുകെട്ടുകൂടാതെകൊള്ളുമെക്കുമ്രചിൽആരന്പൂരെന്നദെശത്തിലുമെല്ലാം പെരുകുന്നുപരമ്പരയായിട്ടവള്ളുനാടതിലുള്ളൊരുപുഞ്ചക്ക വെള്ളക്കൊട്ടുവരുന്നതുദുല്ലഭം കുളവുംകിണറുമതിലുള്ളോരു തെളിവെള്ളമതിന്നെരെയാകുന്നു കുഴിയുംതൊടുംതാങ്ങലുമെന്നിവ ചുഴന്നനദിവെള്ളവുമില്ലഹൊ പുഞ്ചയാകുന്നപൊന്നാരിയനിഹ ചമ്പലവഹിനമുണ്ടുകഴമയും കാൎത്തികരൊഹണിഞായലിലൊക്ക പെൎത്തുകൊയ്യുന്നതുപുഞ്ചയാകുന്നു അതുനിൽക്കട്ടെമാഷാദിധാന്യങ്ങൾ മിഥുനംകക്കിഞായൎപതിനഞ്ചിൽ വിതക്കണംപറമ്പിലുഴതിട്ട വിധിച്ചവണ്ണമുണ്ടാക്കികൊള്ളേണം ഘൊരമായുള്ളകാടതുവെട്ടിട്ട തൊരവിത്തുവിതക്കെണമെവരും രൊഹണിയിലതെററംപിടിക്കുന്നു ദെഹത്തിന്നുഭരിപ്പങ്ങളുന്നണ്ണാം പയറുമുഴുന്നുമൊരുകാലത്ത വിതച്ചാലറുക്കുന്നുസമാനമായി തകരക്കാടങ്ങുള്ളപറമ്പതിൽ മികവുള്ളകൊഴിഞ്ഞിൽപറമ്പിലുംവിതക്കെണംചെറുമൊടനാദികൾ തകൎക്കുന്നിതുപെഴുള്ളകാട്ടിലും ചാമയുംതിനയെന്നവയൊക്കവെ കാമിച്ചുവിതക്കെണംപറമ്പതിൽ പണ്ടുപള്ളൻ മഹെന്ദ്രനെസെവിച്ചു കൊണ്ടുവിത്തൊക്കപ്പെരുന്നകാലത്ത പള്ളനൊടൊരുസത്യംപറഞ്ഞിതു കള്ളനായൊരുചാമവിത്തക്കാലം വെള്ളമുള്ളൊരുദിക്കിൽഞാനില്ലെന്ന തുള്ളതന്നെ പറഞ്ഞിതുപൊരുമ്പൊൾ വിഷ്ണുഭക്തന്മാരുള്ളടത്താകുന്നുവിഷ്ണുഭക്തനാംഞാനുമറിഞ്ഞാലും വിഷ്ണുഭക്തരപൊഷിക്കകാരനെ മുഷ്ണമായിചമത്തിതുദെഹവും ഇട്ടചാലിൽകിടന്നുകൊ

ള്ളാമെന്നും മുട്ടുള്ളപ്പോൾവരുന്നതുമുണ്ടെന്നും സത്യമുണ്ടാക്
കാരണംവിത്തുകൾ സത്യമായിവിളയുന്നഭൂമിയിൽ സത്യ
മെല്ലാക്കും കാരണമൊത്താലും സത്യമെല്ലാജഗത്തിങ്ക
ലീശ്വരൻ പണ്ടുപള്ളുന ങ്ങിന്ദ്രനൊടർത്ഥിച്ചു കൊണ്ടുവി
ത്തുകൾഭൂമിയിൽപൊരുമ്പോൾ മൊടനൊടങ്ങുസത്യംപറ
ഞ്ഞിട്ടു കൂടിയങ്ങൊരുപുല്ലുമെപൊന്നിതു പിരിച്ചിട്ടാലും
നൊന്തമ്മിലെല്ലാളും പിരിയാതെയിരിക്കെണമെന്നതും വ
രിയുംകളയുംപിരിപ്പൊട്ടടൻ പിരിച്ചാലുംവരുന്നിതുസത്യത്താ
ൽ പൊന്നാരിയനുംപടിവിത്തിവ ഒന്നായിട്ടുവരുന്നിതു
സത്യത്താൽ എള്ളിനൊടങ്ങുപൊന്നതകരയും തുള്ളലൊട
ങ്ങുവെളയുമക്കാലം ഇങ്ങിനെപറഞ്ഞിട്ടുപിരിയാതെ പ
ങ്ങാതിമാരെപ്പൊലെവസിക്കുന്നു എള്ളെറിഞ്ഞിട്ടുവിത്തുകി
ട്ടുന്നവർ കള്ളരായിട്ടിരിക്കുംചിലകാലം പാമക്കങ്ങുചിലവി
ട്ടുവല്ലിയും കാറിച്ചുകിട്ടുംകാലത്തുമവ്വണ്ണം കെട്ടാലുംനിങ്ങൾ
തുമ്പയെറീടുന്ന കാട്ടിലൊന്നുംവിതച്ചാലുണ്ടായിടാ ചെങ്ങ
ന്നൊയെന്നപുല്ലുമിരുവുള്ള മങ്ങുള്ളകാട്ടിലൊട്ടുംവിതക്കെണ്ടാ
ഇല്ലിപ്പുട്ടലങ്ങെറിയകാട്ടിലും കല്ലൻകാട്ടിലുമെതുംവിതക്കെണ്ട
കാട്ടുജാതികളെറിയകാട്ടിലും വിതച്ചാലങ്ങുകിട്ടുവാനുംപണി
കുതിച്ചങ്ങുചിലവുമതെറീടും കൊതിച്ചോരൊന്നുചെയ്യുന്നതാ
രുമെ അറിയുന്നില്ലസംശയമുണ്ടതു നെരെകെട്ടാലുംചൊ
ല്ലുന്നതുണ്ടുനാം വിത്തൊണക്കംമതിയെന്നുംപൊരെന്നുംവി
ത്തിനുവെള്ളംപൊരമതിയെന്നും വിതെക്കുമ്പൊഴുംപൊരമു
ളയെന്നും മതിയെന്നുംപറഞ്ഞങ്ങിരിക്കെണം കൊളെവീണ
തുപൊങ്ങുമതില്ലെന്നും വിളവുപൊരകൊയ്യാൻമതിയെന്നും
സംശയമഞ്ചുമിങ്ങിനെയെന്നതും സംശയമില്ലകെട്ടുധരിച്ചാലും
മകമായില്യംഞാറ്റുനിലതന്നിൽ മികവൊടെഞാറൊക്കവെ
പാകെണം മുണ്ടകത്തിന്നതപ്പുറംപാകിയാ ലുണ്ടാകയില്ല
നെല്ലുമെവയ്യൊാലുംപൂരത്തിൽചെറിയെള്ളുവിതക്കണമെ
റയുണ്ടാകവെണമെന്നുണ്ടെങ്കിൽ മകത്തിൽവലിയെള്ളുവിത
ക്കെണംതകൾക്കും ചരക്കല്ലിലെന്നാകിലും ആയില്യത്തിലുമുണ്ടു
വിധിയതി ന്നായതൊടെവിതക്കവലിയെള്ളു ന്യായമായിട്ടു
പാകെണംഞാറെങ്കിലായമിട്ടിട്ടുചൊതിയിലെവരുംഞാറ്റുണ്ടാ
ക്കെപൊകാത്തവക്കാകുന്നു പൊറയെന്നുള്ളനാമമറിഞ്ഞാലും

ആറു ചാലിൽകുറഞ്ഞിട്ടൊരുത്തരുംഞാറുപാകരുതെന്നുധരിക്കെ
ണംഞാററിനുമുപ്പറുപതുനാളുണ്ടചെററിലുംപൊടിയിൽതന്നെ
പാകിലുംനമ്പുഞാറുനരിപിരിയുണ്ടെങ്കിൽ ലഭ്യൊടെവിളവെ
ററമറിഞ്ഞാലും പിൻവരിഷമെറീടുന്നകാലത്ത നമ്പുകൊയ്യാ
മരിവിരിനിർണ്ണയംമുണ്ടകത്തിനുഞാറ്റുപഴപ്പിച്ച കൊണ്ടുനട്ടാ
ലങ്ങെറനട്ടുമെല്ലൊ മുളത്തിന്നങ്ങുമൂന്നുനരിയതിൽ കളക്കാ
രൊന്നുകാലായിലെററുന്നചിത്രഞാററുനിലയൊളമെല്ലാരുംചി
ത്രമായിനട്ടന്നിതുകാലായും മൂത്തുകമ്പുവെച്ചുള്ളൊരുഞാറുകൊ
ണ്ടൊത്തുനട്ടാലുമൊപ്പാവിളവിങ്കൽകൊയ്യപ്പൊഠംതന്നെതാ
ളുവലിക്കയുംചെയ്യുന്നാലതെത്രയുംവിസ്മയം താളുമൊക്കപ്പഴ
ത്തളിയുന്നെരംമെളഞൊടെനട്ടാലുമത്തമംമുണ്ടകത്തിനുതൊ
ലിട്ടുഴാതവരുണ്ടെങ്കിട്ടങ്ങുസുഖിക്കയുമില്ലാരും കണ്ടത്തിലരക്കൊ
ലങ്ങുതാഴ്ത്തിട്ടുകൊണ്ടുതൊലിട്ടുള്ക്കയിടെയിടെ_കക്കിടമാസമു
മ്മാനില്ലാത്തവ രൊക്കണ്ടകൃഷിചെയ്യുവുലത്തുവാൻ_കന്നിമാ
സത്തിൽകന്നിനുവയ്യൊലും നന്നായിട്ടുകരുതാത്തവ രുമ്പ
ത്തരകന്നിൽമെൽപ്പെട്ടുഴന്നവർ കത്തികയ്യൊണ്ടെടുത്തുപ
ണിയെണ്ടരണ്ടരകന്നുഴന്നവരാരുമെകണ്ടത്തിനുകയറരുതെ
പ്പൊഴുംവെള്ളമൊക്കത്തലനാളുറപ്പിച്ച കൊള്ളണമുഴവിന്നു
പഴിപൊലെകരിനന്നായിതാഴ്ത്തികെട്ടീട്ടുടനൊരുമ്പെട്ടങ്ങുഴെണ
മ്പ്രതിപ്രതി മുമ്പിൽപൂട്ടുന്നകന്നിനെവെറിട്ട അമ്പൊടെഭരി
ക്കെണംവിശെഷിച്ചും തെളിച്ചിട്ടങ്ങുതന്നെയുഴെണമെ കളി
ച്ചുംതല്ലരുതാരുംകന്നിനെത്തിയ്യിട്ടൊക്കവെകന്നിനെവെവിക്കും
കയ്യരാരുമൊട്ടുക്കത്തുനന്നാകാ വാൽപ്പിടിയുംതൊളിപ്പിടിയുമു
ള്ളകൊക്കരിക്കെട്ടിതാഴ്ത്തിയുഴെണമെ ഞെരിരികെട്ടിയിട്ടുനനി
രത്തെണംപെരന്മാർകരിങ്കന്നുകൊണ്ടെററവും വാൽക്കൊഴ
വ്വും ചെവിക്കൊഴവ്വുമിട്ട മെൽക്കുമെലങ്ങുപാത്തിക്കൊഴവിട്ടും
കരിവാളിന്മെലിട്ടങ്ങുറപ്പിച്ച കരുത്തെറുന്നകാളകൾപൂട്ടെണം_
ഇരിക്കട്ടെയിതൊക്കയുമിങ്ങിനെപരക്കച്ചവിതന്നിതുകെട്ടാ
ലും_പന്തീരാണ്ടങ്ങൊരുപൊലെകായുള്ള പൻതെങ്ങിന്മെൽ
കാമ്പിപ്പിച്ചനിത്തെണം_വിത്തുതെങ്ങയിറക്കിട്ടുമെല്ലവെ പച്ച
മഞ്ഞളരികമുളപ്പിച്ചകുന്നുള്ളകുഴികുത്തിമണലി ട്ടുകൊണ്ടിടെ
ണംലവണംപുരൊളവി തിരുവാതിരഞാററുനിലതന്നിൽകരു
ത്തൊടെവെച്ചീടെണംതെങ്ങിനെ ഒരുതട്ടുന്നഭൂമിയിലെറയും

പാരിക്കുന്നിതുകരങ്ങളെപ്പോഴും പാരമില്ലപിതലങ്ങുഭൂമിയി
ലൊരുതട്ടുന്നദേശത്തുനിൎണ്ണയം ഭൂപ്പെറീടുംകമുങ്ങിൻക്രമുകങ്ങ
ൾകിളെപ്പാട്ടങ്ങിറക്കിടേണം മൂപ്പിച്ചപാകത്തിൽനനച്ചിട്ടുമുളപ്പി
ച്ചപൊകാതെകണ്ടുസൂക്ഷിച്ചുകൊള്ളണം ധാരയങ്ങുമുറിയാ
തവാരിയിലാരംഭിച്ചുനടേണമിവയെല്ലാംപിള്ളക്കൾക്കിഷ്ട
മെറുകകൊണ്ടുടനെത്തങ്ങുനട്ടുന്നപുലാവിനെ മുന്നംമൂന്നങ്ങു
കാച്ചുടനുണ്ടായ കന്നാർവിത്തങ്ങെടുത്തുപുലാവിഹ പുഷ്ടി
യൊട്ടുടൻ നട്ടുവളർപ്പിച്ചു വൃഷ്ടിനേരംകുഴി കുത്തിവെക്കെ
ണം കമുങ്ങുണ്ടാക്കവെപാകാതവരിന്നപറയുന്നു കൃഷിക്കായി
ട്ടെന്തിനതെങ്ങുവെക്കുന്നമാനുഷരെല്ലാരുംമങ്ങിടാതെഇരിക്കു
നുസൗഖ്യത്തിൽ നല്ലനല്ലപനസങ്ങളുണ്ടാക്കിക്കൊള്ളുന്നന
രന്മാൎക്കുസുഖമിഹ യമകിങ്കരരാരുമിവരുടെസാമീപ്യത്തുവരാ
യമശാസനാൽനടക്കാപങ്ങുവെക്കുന്നവൎക്കുടനൊട്ടുക്കംഗതി
യുണ്ടെന്നുനിൎണ്ണയം വാഴവെച്ചുണ്ടാക്കിടാപത്തരല്ലാതെഭോഷ
രായകൃഷിവലർകെവലംതാലങ്ങൾവെക്കപ്പൊകാതവരൊരു
കാലവുംനന്നല്ലനുധരിച്ചാലും മൂന്നുകൂട്ടംപനയുള്ളതൊക്ക
യും നന്നായിട്ടുണ്ടാക്കേണം കൃഷിവലർകദളിവാഴയുണ്ടാക്കി
ട്ടെവരുംവിദഗ്ദ്ധംകരെനൽകേണം ദൈവാൎത്ഥം ദൈവന്മാൎക്കങ്ങ
ലങ്കരിച്ചീടുവാൻ ദേവസന്നിധൌപൂന്തോട്ടംചെയ്ക്കേണം പൂ
ന്തോട്ടംനട്ടുണ്ടാക്കുന്നവരിഹനിന്തീടുന്നിലസംസാരസാഗരെ
താംബൂലങ്ങൾനാനാവിധമുള്ളവജ്രംവൈഢൂൎയ്യപിങ്കലൊക്കയുമാ
കുന്നു മനുജാതികൾതാംബൂലംകൊണ്ടെല്ലൊ കനിവൊടെതെ
ളിയുന്നുമാനസം താംബൂലദാനംചെയ്യുന്നവൎന്നിത്യംസാംബ
മൂൎത്തിയെപ്രാപിക്കുമെവരും കാമദൈവന്റെദൈവതയാകയാൽ
കാമിക്കുന്നിതുതാംബൂലമെവരും കാമദൈവനെസെവിച്ചിരി
ക്കുന്നഭൂമിദെവക്കുദൈവതം താംബൂലംനിത്യവുംപിരിയാതെയി
രിക്കണം സത്യമാനസപത്തനെതാംബൂലംക്രമുകാദികളൊക്ക
യുമവ്വണ്ണംശ്രമിച്ചുണ്ടാക്കിവെക്കേണമെവരുംപറഞ്ഞാലുമൊ
ടുങ്ങുകയില്ലിവനിറന്തരുള്ളോരുസാധനമാകയാൽജടയൻകല്ല
മുണ്ടാക്കിട്ടെവരും ജടാധാരികൾകയ്യിൽകൊടുക്കണംതിരുവാ
തിരഞാററുനിലത്തിൽ ഒന്നുപെട്ടുനടേണംമുളകുകൾമരിച
ങ്ങളുണ്ടാക്കുന്നവരുടെ ദുരിതങ്ങളറ്റുനിതുകെവലംനവധാന്യ
ങ്ങളൊക്കയുമുണ്ടാക്കിജീവിക്കേണംജനങ്ങളിതിനാലെഇങ്ങി

ന്നമലയാളത്തില്ലുള്ളവമങ്ങിടാതെ പറഞ്ഞിതു നാമിപ്പൊൾ
പരദെശത്തിൽവാഴുന്നമാൎഗ്ഗങ്ങൾ പറയുന്നുണ്ടിനിങ്ങളൊടി
ന്നുനാംഏരിവെള്ളംവയലിൽതിരിച്ചിട്ട ഭരിക്കുന്നിതുമിക്കവാ
റുംതൊകാവെരിജലംകൊണ്ടുന്നിട്ടെല്ലാരുംജീവിക്കുന്നിതുചൊ
ളജനങ്ങളും വെതയൊന്നുമെലിയായിട്ടില്ലെന്നു മതിയുള്ളവ
ർചൊല്ലുന്നുപ്രാദിശി നാലുചാലങ്ങുഴുതുകൃഷിവലർ മെലാ
യിട്ടുവരുന്നതുകെവലം മൂന്നുചാലുഴുതിട്ടുവിതച്ചാലും വന്നീട്ടു
ന്നുവിളവുകുറയാതെ രണ്ടുകാൽപറവിത്തിന്നൊരുകലമുണ്ടെ
ന്നുപറയുന്നുകൃഷിവലർ വിത്തൊരുകലമങ്ങുവിതച്ചാലും അ
ത്തൽ കൂടാതെ നാല്പതുണ്ടാകുന്നു_തൊലിട്ടിട്ടെല്ലൊ ഞാറങ്ങു
പാകുന്നു കാലമെ വയലിൽതന്നെപാകുന്നു_കളയൊരരച്ചു
ട്ടുന്നു വെണ്ണൊരുകലന്തന്നെവിളയുമൊരായിരം_മൂന്നുചാ
ലങ്ങുഴതിട്ടു കണ്ണൊട്ടുതന്നെക്കൊണ്ടങ്ങുതുകിളറെണമെന്നാലു
ഭൊഗത്തുംപന്ത്രണ്ടടിവെച്ചിട്ടാലംബെനക്കുഴിയൊന്നതാകുന്നു-
കുഴിതന്റെ പരിമാണമിങ്ങിനെ ചുഴവുംകുഴിയാകുന്നിതുനി
ലം.ആയിരംകുഴി രണ്ടായിരംകുഴിവയലെല്ലാമുഴന്നകൃഷിവലർ
നാട്ടുണ്ടാക്കിനടുന്നവരെയുള്ളകാരങ്ങളിളംകാരുപശാന്തവും.മി
ഥുനംകക്കിടമാസമെന്നതിൽ ചതികൂടാതെവാഴുന്നിതെവരുംമ
കരംകുംഭമാസത്തിലാകുന്നു മികവൊടറുക്കുന്നുവിളത്തിട്ടൂടി
യിൽവിളയൊക്കവെഫീഴെന്നെംആടൽകൂടാതെചൊല്ലുന്നിതീവ
ണ്ണം പറഞ്ഞിട്ടുംജലമെറിതുറക്കുമ്പൊൾഅങ്ങുകെട്ടണമെരിമട
ങ്ങിയാൽധാന്യങ്ങളുമങ്ങാടിക്കുമുന്നമെമാന്യന്മാർവിതച്ചിട്ടുമറി
ഞ്ഞാലുംആടിവിത്തുവിതയാത്തമന്നവർ മാടെന്നുപറയുന്നുകൃ
കൃഷിവലർകട്ടുകുതുകരചരിത്തിക്കൊട്ടുകടലക്കവിതക്കുന്നുകാടതി
ൽചീരകാദിചെറുധാന്യമൊക്കയും.രംരണ്ടുഴമറുക്കുന്നുകുത്രചി
ൽ കാട്ടുവാഴക്കൊവിടയും.വെണ്ണമെ പാടെമാരികൊണ്ടല്ലൊ
കഴിയുന്നുപരശുധരനെവ മരംചെയ്തുവിരമിച്ചങ്ങിരുന്നതി
ന്റശെഷംഭൂദെവന്മാരിവരയൊക്കെക്കെട്ടടനെവരുമാനന്ദിച്ചു
സുഖിച്ചാരുമന്നെഇതിഭാഗ്യചരിതെതുതിയപാദംനുമാവും.

ഹരിഃ— അച്യുതകെശവമാധവശൌരെ സച്ചിദനന്ത
മുകുന്ദാനന്ദ ഭക്തജനപ്രിയ പങ്കജനെത്ര മുക്തിദവിഷ്ണൊ
കൃഷ്ണനമന്യൊ നാമവുമെവമതുരചെയ്തിട്ട കാമാദികളങ്ങൊ

ക്കംവെടിഞ്ഞു മാഗ്ഗികളാകിയഭൂസുരരൊടഥ ഭാഗ്യവരാമനുമ
ങ്ങരുൾചെയ്തു മെലിഹകാലമതാകിന മൂലം കാലവിചാരവുമ
ണ്ടെല്ലാക്കും ക്ഷത്രിയരാകുംജനമിതുകെൾപ്പിൻ രാത്രിയി
ലിട്ടാൽചാലുമിളപ്പം രാത്രിയിൽവിത്തുമഹത്തംകൊണ്ടതി
നെത്രയുമല്ലംവിളവക്കാലം കാട്ടുമുറിക്കരുതെന്നറിയെണംചാ
ട്ടുള്ളൊരുകാലാകിയനാളിൽ വൃഷ്ടിയിലിട്ടൊരുചാലിഹവിത്തും
നഷ്ടമിതെന്നുധരിച്ചീടെണം ഗുളികൻതട്ടിയരാശിയിലൊട്ടും
വിളവില്ലകൃഷിയാരംഭിക്കിൽവൃശ്ചികരാശൌപൊഴതങ്ങുഴതാ
ൽ നിശ്ചയമങ്ങുനശിച്ചീടും - ശനിവാരെകൃഷിയാരംഭി
ച്ചൊരു മനുജന്മാരിഹകാണ്മാനില്ല ഭുജവാരെയിതുകഷ്ടംക
ഷ്ടം കുജവാരെകൃഷിയാരംഭിക്കു ഗന്ധാന്തങ്ങളിലുഴുതുവിത
ച്ചാൽ ഉണ്ണെണ്ടകൃഷിചെയ്യിട്ടവര നന്നല്ലൊട്ടുംവിഷഘടി
കകളിൽ വന്നാലൊഴവുംവിതയുംപാർത്താൽ പന്തന്തട്ടിയതി
ഥികളിലൊട്ടുംബന്ധിച്ചുകൃഷിചെയ്യരുതൊരും വെന്തുരുകിട്ടുന
ശിക്കുമതൊക്ക സന്തതമന്തഃകരണെനൈവ വെലിയിറക്കം
കൊണ്ടൊരുദിവസം ചാലുംവിതയുംചെയ്യരുതൊരും കന്യാരാ
ശിയിൽവിതചെയ്യീടുകിൽ അന്യന്മാർകൃഷിചെയ്യപിഴക്കും
പത്താംഭാവെ മിഹിരയുതെയദി വിത്തിട്ടാലൊരു ഫലമില്ലാ
ക്കും പക്ഷതിരണ്ടിലിറക്കിയവിത്ത കുക്ഷിയിലാക്കുംപക്ഷി
മൃഗാണാം മെഷധനുഷിചരാദിവിലഗ്നെ ദൊഷവുമെററം
വിത്തുവിതച്ചാൽ പന്നിക്കരണംകൊണ്ടുവിതച്ചതു മൊന്നി
നുമാകാതെകൃഷിതീരും കരണംപശുവിൽവിതച്ചാലൊരും തി
രയെണ്ടകൊയ്യിട്ടങ്ങിടുവാൻ കഴുതക്കരണംമദ്ധ്യമമെന്ന കൃ
ഷിവലരെല്ലാമൊർത്തീടെണം പാപന്മാരിഹനൊക്കിയരാശി
യി ലാപത്തുണ്ടാ മുഴുതുവിതച്ചാൽ ലാടൈകാഗ്ഗളവൈധൃത
നാളതി ലൊടിയവിത്തുംചാലുംപഴതെ രാഹുവിനുള്ളൊരുവെ
ധംതട്ടുകി ലാഹന്തകൃഷിചെയ്യതുനഷ്ടം ഗ്രഹണംകൊണ്ടൊ
രുദിവസംപാർത്താൽ ഇഹകൃഷ്യാരംഭെചനശിക്കും ചാലതി
ലിട്ടാലങ്ങഹിശിരസി കാലെവിത്തുവിതച്ചതുനഷ്ടം അക്ക
നടിച്ചുവിതച്ചൊരുനാളിൽചെക്കരുതൊരുംകൃഷിവെധത്തിൽഅ
ധിമാസത്രയമുള്ളൊരുകാലം ചതിയെല്ലാകൃഷികാര്യെന്നു
നം ഗുരുശുക്രന്മാർതമ്മിലതാകിന ദർശനകാലംനന്നല്ലൊട്ടും
പകലിങ്ങിവരെക്കണ്ടൊരുകാലം വകയില്ലകൃഷിയാരംഭിക്കി

ൽ ഷൾദ്ദോഷങ്ങളിതായതുവിശേഷാ മിദ്ദോഷംകൃഷികമ്മ
ണിവൎജ്ജ്യം രവിവാരെകൃഷിചെയ്യുവരാരുംഭുവിനന്നാകാതി
ല്ലാരുനാളും ദൈവബ്രാഹ്മണരായുള്ളവരുടെ ഭാവപ്രീതിയ്ക്കു
കൃഷിചെയ്യേണം രൊഹണിപുണൎതംപൂയവൃമത്തം മൊഹ
മൊടന്ത്യോത്തരയുംമൂലം നാളുംകരന്നംസിംഹംഗജവും കൊ
ളെവുലിയുംമൃഗഭംരാശൌ മിഥുനംമീനംമകരംകുളിരൌ കഥി
തംചൊൽപൊഴുതസ്സിന്നിത്ഥം സലിലസമൃദ്ധൌകൃഷിചെയ്യാ
ലങ്ങുലകിൽദരിദ്ര്യംതീരുംനൂനം കുജവാരെപൊഴുതെള്ളിനുകൊ
ണ്ടാൽ എജമാനന്മാരനുനശിക്കും സിതവാരെപൊഴുതെള്ളു
വിതച്ചാലതിയായിട്ടുനശിക്കുംനൂനംഗുരുവാരെപൊഴുതെള്ളി
നുമദ്ധ്യം തിരിയച്ചൊല്ലിമുനിമാരിത്ഥം ശനിയുടെവാരംനന്ന
ങ്ങെള്ളിനു മുനിമാരെല്ലാമെന്നുവദന്തി ബുധവാരത്തിനുമി
ല്ലൊരുദൊഷം വിധിയെന്ത്രവലിയെള്ളിന്നൊൎഗാൽ ചെ
മ്പുംചെനയുമിഹകുജവാരെ ചാമ്പിയമിഞ്ഞുനശിക്കുംനട്ടാ
ൽകുംഭിവാരകുംകൊള്ളുമുഴന്നും തക്കത്തൊടെപഴുതിനങ്ങക്കുവെ
ള്ളരിപയറുംമുളകുംനട്ടാലി ല്ലാതെപൊംദിനകരവാരെവലിയ
കിഴങ്ങിനുവജ്ജ്യക്കേണം വെളിവില്ലാശനിവാരംനൂനംവാഴ
ക്കിഹകുഴികുത്തിനടേണം വ്യാഴംകെന്ദ്രിച്ചുള്ളൊരുരാശിയിൽ
ശുഭമെല്ലാമുപമൃദ്ധ്യമതാകിൽശുഭവാരെശുഭദൃഷ്ടരാശൌതെ
ങ്ങുകമുങ്ങുനടെണമതെങ്കിൽ ഭംഗംകൎക്കിടമെടമൊഴിച്ചുരാശി
യിൽവെണംകാനാളുകളിഹപ്രാശനനാളിൽ സലിലവൃദ്ധൌ
വനഭുവിപൊല്യംരഹിതെവൈധവനസാദികൾവെച്ചുണ്ടാ
ക്കേണം ഭക്ഷണമങ്ങുകഴിച്ചുസുഖിച്ചു വൃത്താദികൾനട്ടുവാ
നംനൂനംപട്ടണമാകുംവനഭുവിമാഞ്ഞ്യേ നട്ടുനടക്കാവുണ്ടാകി
ട്ടുക ശ്രാവണമാസെസിതതിഥിപൂൎണ്ണെ ജീവനവൃദ്ധൌകുംഭ
സമൃദ്ധൌതിഥിനക്ഷത്രശശാങ്കസമൃദ്ധൌ വിധിവൽഭവനെ
പൂൎത്തികുൎവ്വാൽ ഫണിഗജനക്രപ്രൊജ്ഝിതരാശൌഗണ്ഡികെ
വൃശ്ചികതശക്രാഗ്ന്യാക്ഷൌ അറുപതുയൊജനവിസ്താരത്താൽ
എറിട്ടുംശതയൊജനനീളം പറയുടെമാനമിതെന്നെല്ലാരുംപറ
യുന്നുദൈവന്മാരുവെ പറമുന്നിതുകൊണ്ടുള്ളൊരുകാലംപറയെ
ണ്ടാപൊലന്നുസമൃദ്ധി ജലമൊരുപറയുണ്ടാകുംകാലംപലരും
കൃഷിചെയ്യാല്യംനൂനം പറനാലുള്ളൊരുകാലംനലമങ്ങറി
യുന്നുഭുവി ദാരിദ്ര്യങ്ങൾതള്ളലുവെള്ളംകൊണ്ടുവിരപ്പിനു വെ

ള്ളംപറരണ്ടുള്ളൊരുകാലം വെള്ളംപറനാലങ്ങതിലൊക യി
ല്ലെന്നത്രെമുനിമതമൊക്കിൽ — ശനിവാരെവിഷുസംക്രമമാ
കിൽതന്നിയെപറയൊന്നക്കാലംപൊൽ — രവികുജവാരെവിഷു
സംക്രാന്തെ ദ്വിപറരണ്ടക്കാലത്താകുംശശിബുധവാരെവി
ഷുവൽസൂര്യെദിശിമൂന്നത്രെപറയക്കാലം ഗുരുശ്ശൊട്ടിവസെവി
ഷുസംക്രമണെ സാർവ്വത്രജലംപറനാലല്ലൊ — വാരുണമണ്ഡ
ലമാകിയകാലംനെരെകൃഷിചെയ്യിട്ടുപിഴക്കും മണ്ഡലമിതുമാ
ഹെന്ദ്രമതായാൽ ദണ്ഡംമാരത്ര്യെണാഹിശാമൃതി — വിണ്ണവർ
മാനസമൊന്നുനടുങ്ങും മണ്ഡലമഗ്നിയതാകുംകാലം പായു
ന്നദിശി ദിശിജലമൊരൊ വായൊർമ്മണ്ഡലമാകിയകാലം
നാലെല്ലാദ്വിമണ്ഡലമായതു കാലെവിഷുവൽ ക്രമനക്ഷ
ത്രകാലവൃതിങ്ങിനെനൊക്കിയറിഞ്ഞ കാലെകൃഷിവലർവി
ത്തിട്ടാലും — നില്ക്കട്ടെയിതുകന്നിനെവഴിയെ വില്ക്കേണംവക
നൊക്കികൊള്ളുക വെങ്കന്നിനുകുററവുമിഹപാരം ശങ്കാരഹി
തംപറയാമെങ്കിൽ പിമ്പുപെരുത്തൊരുകന്നിനെവെണംകൊ
മ്പുംതലയുംനൊക്കികൊള്ളുക മട്ടയതാകിയമൂരിയെവെണംപ
ട്ടിയിൽനൊക്കികൊള്ളുകനൃനം മടവാലുള്ളൊരുകന്നിനെയാ
രുംമടികൂടാതെകൊള്ളരുതൊൎത്താൽ തണ്ടെല്ലങ്ങുവളഞ്ഞൊരുമൂ
രിയെവെണ്ടാപൊൽകൃഷികർമ്മണിപാരം മുട്ടുകനിവന്നുസമ
ത്തിൽപൊങ്ങിപതുമപ്പെരുക്കിൽകൊള്ളാമൊൎത്താൽകൊമ്പി
ൻകനമങ്ങറിയകന്നിനു വമ്പുണ്ടെങ്കിലുമുണ്ടാംകുററംനീണ്ട
കുളമ്പുണ്ടുള്ളൊരുകന്നിനെവെണ്ടാകൃഷികർമ്മണിപൊലൊട്ടും
കൊടിഞ്ഞാണ്ടുള്ളൊരുകന്നിനെയാരുംവടിപൊടെകൊണ്ടീടുക
വെണ്ടകുററിയതായൊരുപുവയററിൽകുററംപാരമതുണ്ടാകില്ല
മെ അനക്കാരിയതാകിയ മൂരിയെമാനിച്ചിട്ടിഹ കൊള്ളരുതാ
രും നീരൊഴുവന്മാരാകിയകന്നിനു പാരംനെതില്ലാകൃഷികർമ്മ
ണി നൊറിയുരുണ്ടങ്ങുന്തിയിരിപ്പൊരുകൂമ്പികൊമ്പനധികമി
ഹായുംമൊഴയതാകിയമൂരിയെവെറി ട്ടുഴവാനായുസ്സെററംനിൽ
ക്കുംകരുനരയെന്നൊരുകുററംകാണും നൃപവീരന്മാരെന്നതുചൊ
ല്ലുംഭൂപതിജപൊമെന്നരചെയ്യുന്നിതുധവളംപൂണ്ടൊരുന്നവരിക്ക
നിരററീടിനൊരുവിനെവെണംപാരതിലുഴവാൻകൊണ്ടീട്ടു
ന്നുപല്ലിഹവെങ്കന്നിനുനൊക്കീട്ടുകപല്ലിൻതരവഴിനൊക്കി
ടെണംപല്ലിനുകെടങ്ങുള്ളൊരുകന്നിനുചൊല്ലീടുന്നുദൂഷണബഹു

ലംപുള്ളിയതുള്ളൊരുകന്നിനെവെണം തുള്ളിച്ചാടികൊള്ളുകനിയ
തംതുമ്മലുമെക്കുരമ്പലുമെററംതമ്മിൽപ്പൊരുതിട്ടെരിമുടക്കം മൂ
ക്കിനടപ്പുള്ളൊരുകന്നഗിനുചാക്കിനെളുപ്പംപണിനന്നാവാൻ
പല്ലുകളെട്ടാത്തൊരുകന്നിനുനിയതംചൊല്ലുന്നുവിലയല്പമിളപ്പം
വെത്തലയുള്ളൊരു കന്നിനെയാരും ഛന്നത്തിൽപല്ലുതനൊക്ക
ണ്ടമുഴുവൻപാഞ്ഞങ്ങുള്ളൊരുമൂരിയെ വഴിയെനന്നായുഴവാനാ
ക കൊമ്പിൻകനമില്ലാതൊരുകന്നിനെ വമ്പുണ്ടെങ്കിലുമതി
നെകൊൾക ചുരപ്പെട്ടികൾപൊലെയതുള്ളൊരു മൂരികൾനന്നാ
യിടുകയില്ല കൊമ്പങ്ങുള്ളിൽവളഞ്ഞൊരുകന്നിനുപിമ്പുപെരു
ത്താൽനന്നുപണിക്ക. വലിയകിഴക്കൻകാളെക്കഞ്ഞൊരുകളവും
പണിയിൽകാണ്മാനില്ലാതെന്നുപെരുത്തൊരെരുതുകളെത്രനെ
രെ പണിയിക്കെണമിതെങ്കിൽ പുള്ളിയതാകിയകാളയെനിത്യം
തള്ളിപണിചെയ്യിപ്പിക്കെണം കാളക്കിരുപതുനാലുവയസ്സു
മെളിച്ചുപറയുന്നിതുശാസ്ത്രംമഹിഷങ്ങൾക്കുംചതുർവ്വിംശതിയെ
ന്നിഹ ചൊല്ലുന്നു വയസ്സുംനൂനം കുളിപ്പുക്കൾപെറുന്നൊരുമൂ
രികൾ കുളമ്പാരെന്നുംചെയ്യുന്നിതു കുളമ്പാക്കിരിപതിലകമെ
ന്നുകാലംപരമായുസ്സുപറഞ്ഞു വന്ധ്യാമഹിഷികളെറയിരിക്കും
സാദ്ധ്യത്തിന്നുഭവിയാഞ്ഞാലും ച്ചമലെത്രെമഹിഷത്തിനു
കാര്യംനിമിഷംപല്ലിനുകെട്ടുണ്ടാകും പശുവിനുപെറിഹകാര്യം
നൂനം നിശിപകലൊക്കതിന്നിട്ടാലും കക്കുദംകന്നിനതെറിയി
ന്നാൽ അകമെബലമങ്ങുണ്ടാമെററം തൊലിനെപ്പുള്ളൊരു
കന്നിനവെററെബലയുംരൊമമടങ്ങിയിരിക്കും രൊമവുമെല്ലുക
ളൊക്കെയെറിച്ചാ ലാമിഷമല്പംകന്നുമിളപ്പം വളവുംമൃദുവായിട്ടു
ഗുദത്തിൽബലമെറീടുംകന്നിനുപററുംപിമ്പുവെളുത്തുപരന്നൊ
രുകന്നിന്നപൊട്ടീശ്വായുസ്സെന്നറികവാൽക്കടമെറിയകന്നി
നുനൂനം നിൽക്കുന്നതാതെവ്യാധിയുമുണ്ടാം ശ്യാമളനിറമാംചാ
ണകമിട്ടാൽ ആമയമതിനില്ലാട്ടുംപാർത്താൽ കണ്ണൊപഴുത്തീട്ടു
ന്നൊരുകന്നിനു ദന്ധ്യംപാരമതുണ്ടെന്നറിക നിമിഷംതിന്നു
നിറക്കുംകന്നിനു സമയംകൊള്ളാമെന്നറിയെണം പള്ളക
ണ്ണിനി പെരുഞ്ഞൊരുകന്നിനു കള്ളത്തിനുണ്ടെന്നതു നിയതം
പാലൊടചങ്ങുകഴിഞ്ഞൊരുകന്നി ന്നൊളുംപെരുതുണ്ടാകയു
മില്ല മൂത്തിട്ടൊടവുകഴിഞ്ഞൊരുകന്നി നെന്നതിടുന്നിതുവാട്ട
മനെകം വെറിട്ടിട്ടിഹകെട്ടിയകന്നിനു വെറെവെണ്ടെപരി

൨ പ്പതിനൊന്നും ഗോമയമെററമതെററുകിടന്നാ ലാമയമെററം കന്നിനുകെൾപ്പിൻ പാണകമങ്ങുകരിക്കന്നിനുടെ പ്രാണം മൃത്യുദമിഹകന്നിന്ന പല്ലുതൊടപ്പങ്ങളുള്ളൊരുകന്നിനു പുല്ലിഹ തിന്നാൽപററുകയില്ല പല്ലിന്നരവുണ്ടാകിലുമിവിടെ കൊള്ളാ മെന്നുണ്ടൊരുമതമൊക്കപ്പൊത്തുംകാളയുമൊരുനുകമിട്ടാലെത്തീ ടാകൃഷിമുഴവൻനൂനം പിട്ടിഹകന്നിനെരാത്രിയിലാരും പൂട്ട രുതെന്നുധരിച്ചീടെണം നിദ്രയതെറിപ്പുകലിംററങ്ങി ഭദ്ര തായിത്തീനുമതില്ല കന്നിനുകാലിഹകൊട്ടപിണഞ്ഞാൽ ന ന്നല്ലാട്ടംപന്നിയുമിളപ്പം പൊത്തുകറുത്തുരു നീണ്ടുതടിച്ചാൽ ഉത്തമമെന്നു പറഞ്ഞിടുന്നു കൊമ്പത്തുരുണ്ടു കുറഞ്ഞു കറുത്താ ലിമ്പമൊടെപ്പൊത്തതിനെകൊള്ളാംകൊമ്പുവളണ്ടുതടിച്ചുപ രന്നാലമ്പുവെളുത്തുള്ളൊരുപൊത്താകാ ഗോക്കളെരക്ഷിച്ചിട്ടു കവെണ്ടതുസൂക്കളിതെററമറിഞ്ഞിടെണം ലക്ഷണമിങ്ങിനെ കന്നിനുമൊക്കം ദക്ഷന്മാരിതുകെട്ടുധരിപ്പിൻ കൃഷികാലവുമങ്ങു ങ്ങംഭവതാ മുഷിമതമെതൽപണ്ടെനൂനം കൃഷികമ്മണിനാം പൊന്നതുകെട്ടു കൃഷിചെയ്യിൻപിഴയാതെകണ്ടുസുഖമെചെ ന്നിനിനിങ്ങളിരിപ്പിൻ അഖിലന്മാരുംനിജഗെഹെ പര ശുധരൻഭൂസുരരൊടിത്ഥം മരുളിച്ചെയ്തിടുന്നദശായാം ക്ഷോ ണീസുരരിതുകെട്ടതെളിഞ്ഞു പാണികൾകൂപ്പിത്താണുവണ ങ്ങി പ്രീണിതമനസാഭൂസുരസംഘാത്രാണനമൂലംസ്തുതിചെ യ്യുന്നു ഭാഗ്ഗവരാമജയജയപൊററി മാഗ്ഗണെമധുക്ഷത്രസമൂ ഹ കെരളഭൂസുരരക്ഷണദെവപ്രെരിതശങ്കരഭക്തപ്രീത ലൊ കസുഖപ്രദഹൈഹയാന്തക ഗൊകണ്ണ്യാഖ്യക്ഷെത്രാശ്രിതപദ ഭൂസുരവരരാമങ്ങളെയിന്ന ഭൂസുരധാത്ര്യാമാക്കിനിതാന്തം ദാനാദികളുടെയൊഗ്യതകൊണ്ടി സമാനമതാക്കിത്തന്നദശാ യാം ശ്രൊത്രിയരായൊരെങ്ങളെമൊക്ക പാത്രമതെന്നങ്ങുക്കരും ഭവതാ വില്പാടവിലവുമൊക്കമരിച്ചു കല്പിതമങ്ങസ്സാകംനി യമം മുട്ടിനനെരംപട്ടിണികൊണ്ടിഹ ദുഷ്ടവധംചെയ്തിടുക യെന്നും നിന്തിരുവടികല്പിച്ചതുമൊന്നാ ലെന്തൊരുകഷ്ടംപി സ്മയമെത്രെ ഭൂസുരരിങ്ങിനെപൂരിതഭക്ത്യാ ഭാസുരചിത്തംഭാ ഗ്ഗവരാമം സ്തുതിചെയ്തിട്ടുവണങ്ങിയനെരം മതിശുദ്ധാനാം വിദുഷാംമദ്ധ്യെ കൃതവീയ്യാത്മജവൈരിയുമിത്ഥം മതിചെ ന്നിട്ടങ്ങരുളിച്ചെയ്തു കൃതസൌഖ്യന്മാരിഹയൂയമഹൊ ഗതി

നിങ്ങൾക്കിന്നിതുകൊണ്ടത്രെ കേട്ടാലുംപരമാൎത്ഥംപുനരപി
പാട്ടമതില്ലാതീശ്വരനെല്ലൊ മൂൎത്തികളായതൊക്കയുമിന്ന
പൊൎത്ഥഹമ്മരചെയ്യുന്നുണ്ടിത്ഥം ഭൂജലദഹനമരുൽഗഗനാദി
ഭ്രാജദ്രവിചന്ദ്രൌപുരുഷശ്ചമൂൎത്തികളഷ്ടൌജഗദീശമസ്യപ്രാ
ൎത്ഥിതദൈവംനൌമിശിവന്തം കനിവൊടുസൎവ്വമപീശംദൈവം
മനസാവാചാതമ്പാഭജത ദൈവസ്വയമിഹമായാകലനാജ്ജീ
വൊഹമിതിഭ്രമതെചാത്മാ പരനുംജീവനുമെന്നങ്ങിരിവർപു
രുഷന്മാരെന്നുരചെയ്യുന്നു പുരുഷന്മാരായിട്ടന്നവരുടെ പര
മൈക്യംചെയ്കേണമതെങ്കിൽസൽഗുരുവിനെയങ്ങീശ്വരബു
ദ്ധ്യാ ഗൽഗദവാചാചെന്നുപണിഞ്ഞീ ഹെകരുണാത്മൻഭഗ
വന്നായിന്മെ സകലംദുഃഖംഭവതാമദ്യ കൃപയാതവമാംമായാ
മൊഹിതം മപിരക്ഷിക്കേണംപരമാത്മൻ ശ്രുത്വാഗുരുവര
നസ്യഹിവാക്യം ജ്ഞാത്വാഹൃദയംമുക്തിദയാനെ പരമാൎത്ഥവു
മവനുണ്ടാക്കേണം കരുണാശാലിഭഗവാൻഭക്ത്യാ മനസി
തെളിഞ്ഞങ്ങരുൾചെയ്യുന്നുമമതത്വത്തിനിവനെപാത്രംഗുണ
സാപഹിതംപരമാത്മാനം ഗുണയുക്തതയാജീവാത്മാനംജീ
വെശ്വരജഗതാമിഹഭെദം ത്രിവിധമിതെന്നങ്ങുണ്ടാക്കേണം
സത്വഗുണംരാജസഗുണമെന്നും മതതാമസഗുണമെന്നി
ത്ഥം ത്രിവിധംമായോപാധിയതെന്നൊരു ശിവനാമത്തിലീ
ശ്വരനെന്നും വിവിധമവിദ്യോപാധിയതെന്നും ഗദിതംജീ
വാത്മാവെന്നതിനെ സാത്വികരാജസഗുണവസ്തുക്കളുംതത്വം
പദവാച്യാൎത്ഥമിതെല്ലൊ താമസമായഗുണംപുനരൊന്നെകാ
മംതാമസരാജസസാത്വിക ഭെദമൊടിഹമൂന്നുദശായാം താ
മസമാകിയസത്വഗുണത്താൽ ശമദമ്മാരുംബുദ്ധ്യാദിക
ളും താമസരാജസഗുണമൊന്നിന്നാൽ കാമമൊടിന്ദ്രിയജാ
ലംജാതം പഞ്ചീകരണംകൊണ്ടിതുനിയതം പഞ്ചൈകതപംവി
ദിതംലിംഗം രാജസഗുണജപ്രാണാദികളും രാജന്ത്യെസഹ
ജെന്ദ്രിയജാലം സഹവൃത്തിഭിരെവാന്തഃകരണം മഹതാപ
ഞ്ചീകൃതഭൂതൊത്ഥം സൂക്ഷ്മമതാകിയൊരംഗമതെന്നും സൂക്ഷ്മ
താകൊണ്ടെലിംഗമതൊന്നുംസ്ഥൂലമതാകുംതാമസഗുണതഃസ്ഥൂ
ലശരീരംപൃഥ്വിവിജാതം പഞ്ചിതപഞ്ചൈകാദികളതിനാൽ പ
ഞ്ചീകൃതഭൂതൊത്ഥശരീരം കാരണമാകിയപൂൎവ്വശരീരം നെരെ
ദപിതയംസൂക്ഷ്മശരീരം കാൎയ്യമിവരുടെയെന്നങ്ങത്രെ പാ

രംസ്ഥൂലമതാകിയദേഹം ത്രിവിധമതാകിയദേഹങ്ങൾക്ക ത്രി
വിധംജാഗ്രൽസ്വപ്നസുഷുപ്തി ക്രമമിഹവെറെപുരുഷന്മാ
രും ഭ്രമതൈസൂജസവിശെഷപ്രാജ്ഞൻ ദ്വപ്പരുമഭിമാനിക
ളാമെന്നും ചൊല്ലപ്പോടിഹദേഹത്രയ യുക്തവ്യഷ്ടിസമഷ്ടിയു
പാധികളാലെ വൃഷ്ടികലന്നിഹജീവന്മാരും മൂലാധാരാദികളി
ൽവസിച്ചു കാലമതിസ്സുസൃഷ്ടിദശായാം മായയൊപാധിയതാ
കിയൊരീശ്വര നായതുബിംബംജീവനറിക ദെവനവിദ്യൊ
പാധിയതാകിയ ജീവനുപാധിസമഷ്ടികൾക്കും തത്സന്നിധി
യതുകൊണ്ടുമനസ്സും തത്സന്നിധിബ്ബവിചെഷ്ടിക്കുന്നു വൃത്തി
കളുള്ളൊരുനെരത്തിന്ദ്രിയ മെത്തിടുന്നതുതദ്വിഷയെ ദെഹാ
ദികളുമതൊക്കത്തന്നിയെ മൊഹമൊടിവിടെചെഷ്ടിക്കുന്നുചി
ത്രമതെത്രയുമെന്നങ്ങിഷ്ടിമാർ എത്രെയുമത്രവലഞ്ഞീടുന്നു മൊ
ഹിച്ചിട്ടിഹവിഷയാദികളിൽ ദെഹൊഹമിതിഭ്രമതെജീവൻ
ഇങ്ങിനെപരവശബുദ്ധ്യാസവെച്ചു തിങ്ങിനമൊഹാലങ്ങുഴ
ലുന്നു ഗതിവരുവാനങ്ങുള്ളൊരുപായം മതിമാന്നിഹകെട്ടാ
ലുംതത്വം കാരണമിഹദുഃഖത്താലനുജന്മം കാരണമെത്രെജന്മ
നികൎമ്മം രാഗദ്വെഷവുമിഹകൎമ്മത്തിന്നദെഹമൊടുള്ളൊരുബ്ബി
ജന്തനംകാരണമിഹരാഗദ്വെഷത്തിനു പാരമ്യമഭിമാനം
നൂനംജവമവ്യക്തമാനത്തിന്നബീജമവിവെകംതന്നെയെന്നറി
കകാരണമവിവെകത്തിന്നതന്നെപെരികയൊരജ്ഞാനന്താനെ
ല്ലൊജ്ഞാനനൈവകളെന്നമതിന്നെ ജ്ഞാനംസൽഗുരുവിന്നുപ
ദെശംപരംപൊസ്സ്യമിതജ്ഞാനൊത്ഥിതമാരാന്തിഹകളയെന്നും
ദംഖംവൃത്തിജ്ഞാനമിതറിവിന്നാത്മനിനിന്നീടെണംമാന സ
മുപരിസന്തതമിഹപരമാത്മൻബിംബമനന്തകാരണപ്രതിബിം
ബസ്യ ത്വംപദവാക്യാൎത്ഥവുമിതുജീവൻ ത്വംപദവാച്യാൎത്ഥ
വുമിതുജീവൻ ത്വംപദലക്ഷ്യാൎത്ഥവുമൊബിംബം തൽപദ
വാച്യാൎത്ഥവുമിതുനൂനം തൽപദലക്ഷ്യാൎത്ഥവുമങ്ങാത്മാ കൂട
സ്ഥനതാകിയപരമാത്മാ കൂടിയധിഷ്ഠാനാത്മാനിചെന്നാലിതു
തന്നെപറയുന്നിതുമുക്തി സതതംചിന്തിക്കെണമിതിങ്കൽ ശ്രു
തിയുക്ത്യനുഭവമുണ്ടാകെണം ചൈതന്യവുമങ്ങാന്നതുതന്നെ
ശ്രവണംമനനാദിധ്യാസങ്ങൾമിനനിവസംചെയ്തീടെണംമ
തിമാൻ ഇനിസൽഗുരുബൊധിതശിഷ്യൻ കൃതകൃത്യൊഹ
മിതിതാംപ്രൊക്തം ഗുരുവരമീശംതംപ്രണിപത്യ പുരതസ്ഥ

താപചലയംഭക്ത്യാ നിന്തിരുവടിയുപദെശിച്ചതിന്നു ലന്തരമെ
ന്നിയെമൊഹന്തിൻ സൽഗുരുവിന്റെയനുഗ്രഹമൊടെസ
ൽഗതിമാർഗ്ഗശിഷ്യനിരുന്നു സൽഗുരുവരുളിച്ചെയ്യുന്നതുകെ
ട്ടു സൽഗതിബുദ്ധ്യാവിങ്ങളുമൊക്ക തത്താൽഭവനെകൃതകൃത്യ
തയാ വൃത്താദ്ധ്യയനെല്ഷ്യാചിരകാലം ഭൂസുരരെനിബിഡാ
നന്ദതയാ ഭാസുരബുദ്ധ്യാവാഴ്കയുമയം ഭാർഗ്ഗവരാമനിതരുളി
ച്ചെയ്തു ഭർഗ്ഗഗിരിന്ദ്രെചെന്നുവസിച്ചു ഗർഗ്ഗാദികളിതുകെട്ടര
സിച്ചു ഭാർഗ്ഗവമെവംസ്തുതപാനപ്യശമൽ ടിഗുകുലമെന്നലെരാ
ജ്ഞാംമനസാ നവെദ്ധ്യുതപാഭൂസുരസംഘംനിജനിജഭവനെ
പൊയിട്ടങ്ങ നിജഗതിമാർഗ്ഗംസ്മാരംസ്മാരം ജ്ഞാനെനൈനവ
വരുന്നിതുഗതിയെ ന്നാനന്ദെനസുഖിച്ചാരവരും ഭവരുമ
ങ്ങിതുകെട്ടരമിച്ചു നിർവ്വെരന്മാരാശ്വസിച്ചാരെ പ്ലാവരുമക്കാ
ലമെ * ഇതിഭാർഗ്ഗവീയചരിതെചതുൎത്ഥപാദംസമാപ്തം **

2.70

# ിപ്പാട്ട

ഇത.

ഹാ-രാ-രാ

മുതലിയാരവർകളുടെ മകൻ

പ്പമുതലിയാരവർകളുടെ

ാ വി ലാ സ

ത്തിൽഅച്ചടിച്ചത

ാംപതിപ്പ.

-ഫബ്രുവെ നവമ്പർ൧൦൹-

ടർ-യശായാ.

ഉരുപ്പിക-കാൽ